കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം
e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.എം.പി.എം.28/2068/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
പിൻ -676505
ഫോൺ -0483 2734951
Email : dompm.ksad@kerala.gov.in
തീയ്യതി 22-10-2018

ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാറഞ്ചേരി ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാറഞ്ചേരി ഗ്രാമ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ ആയി ( http://aims.ksad.kerala.gov.in/esubmission) ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3) പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്

എം.എ.11/18

നം കെ എസ് എ.എം.പി.എം.28/2068/18 തിയ്യതി: 22-10-18

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-06-2017 മുതൽ 18-07-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് നൽകിയ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/ വിവരങ്ങൾ/വിശദീകരണം കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിൽ നിർദ്ദേശിച്ച പ്രകാരമുള്ള പെർഫോമൻസ് ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയ വിവരങ്ങൾ/ഓഡിറ്റ് റിപ്പോർട്ട് /ഗ്രാമപഞ്ചായത്തിൻെറ തീരുമാനം എന്നിവയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ: ശ്രീ.എ.എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.07.2018 മുതൽ 01.08.2018 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| സീനത്ത് .പി.എ | ഓഡിറ്റ് ഓഫീസർ<br>(26.07.2018 മുതൽ) |
| അബ്ദുൽ റഷീദ്. എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| റിഷിൽ.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| മുഹമ്മദ് ഫാസിൽ. ടി.ടി | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ് : ശ്രീമതി. അഡ്വ:ഇ.സിന്ധു 01.04.2017 മുതൽ 31.03.2018 വരെ

സെക്രട്ടറി : ശ്രീ. വി.ജയരാജൻ - 01.04.2017 മുതൽ 31.03.2018 വരെ

നിർവഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| ഹെഡ്മാസ്റ്റർ | 1. ശ്രീ.എ.ഗംഗാധരൻ | 01-04-2017 മുതൽ 01-06-17 വരെ |
| | 2. ശ്രീമതി. റസിയ | 02-06-2017 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | ഡോ. പ്രിയ | 01-04-2017 മുതൽ 31-03-18 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.അജ്മൽ റഹ്മാൻ | 01-04-2017 മുതൽ 12-01-18 വരെ |
| | ഡോ.അശ്വതിക്കുട്ടി.എം | 13-01-2018 മുതൽ 31-03-18 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. എൻ.നളിനി | 01-04-2017 മുതൽ 07-06-17 വരെ |
| | ശ്രീമതി.ലാമിന.വി.കെ | 08-06-2017 മുതൽ 30-10-17 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഉമാ മഹേശ്വരി.എം.ഡി | 31-10-2017 മുതൽ 05-02-18 വരെ |
| | ശ്രീ.വിഷ്ണു നാരായണൻ.പി.എം | 06-02-2018 മുതൽ 31-03-18 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി.മുബീന | 01-04-2017 മുതൽ 31-03-18 വരെ |
| വെറ്റിനറി സർജൻ | ഡോ.അഷ്റഫ് അബ്ദുൾ റഹ്മാൻ | 01-04-2017 മുതൽ 31-03-18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.ജിജോ പുലിക്കോട്ടിൽ | 01-04-2017 മുതൽ 31-05-17 F.N വരെ |
| | ശ്രീ.രാമചന്ദ്രൻ | 31-05-2017AN മുതൽ 28-06-17 FN വരെ<br>10-07-2017AN മുതൽ 31-07-17 വരെ,<br>17-09-17 AN മുതൽ 26-10-17 വരെ |
| | ശ്രീമതി.ജെറീന | 28-06-2017 AN മുതൽ 10-07-17 FN വരെ |
| | ശ്രീമതി.നമിത.ടി.ജി | 01-08-2017 മുതൽ 17-09-17 FN വരെ |
| | ശ്രീ.ഷിദി.എൻ.പി | 26-10-2017 മുതൽ 31-03-18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അനിൽ ബാബു.കെ | 01-04-2017 മുതൽ 22-06-17 വരെ |
| | ശ്രീ.പി.പി.വിജയൻ | 23-06-2017 മുതൽ 31-03-18 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.പ്രമീള.കെ | 01-04-2017 മുതൽ 31-03-18 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഷാജിത്ത്. കെ | 01-04-2017 മുതൽ 31-03-18 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-12 |
| | ഭാഗം 2 | |
| 13 | ഡി ആന്റ് ഒ ലൈസൻസ് ഫീ പിരിവ് കാര്യക്ഷമമല്ല | 2-1 |
| 14 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 15 | പരസ്യ നികുതി ഈടാക്കിയില്ല | 2-3 |
| 16 | വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല | 2-4 |
| 17 | ഇ-ടെണ്ടർ – ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-5 |
| | ഭാഗം 3 | |
| 18 | സമഗ്ര വിദ്യാഭ്യാസ പദ്ധതി - പ്രൊജക്ട് അപാകത – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല | 3-1 |
| 19 | 8-ാം ക്ലാസ്സ് വിദ്യാർത്ഥിനികൾക്ക് (ജനറൽ) സൈക്കിൾ വാങ്ങി നൽകൽ - വാങ്ങൽ നടപടികളിൽ ക്രമക്കേട് | 3-2 |
| 20 | അംഗനവാടി നിർമ്മാണം അപാകത – വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല | 3-3 |
| 21 | കോംപെൻസേഷൻ GST ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി - | 3-4 |
| 22 | 112 ാം അംഗനവാടി കോമ്പൗണ്ട് വാൾ നിർമ്മാണം, | 3-5 |

| | | |
|---|---|---|
| | സൈറ്റ് ലെവലിംഗ് - അപാകത - ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 11457 രൂപ അടവാക്കി | |
| 23 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല. | 3-6 |
| 24 | കണ്ടംകഴി കോൾപടവിന് പവർടില്ലറും മോട്ടോറും-പദ്ധതി അപാകതകൾ | 3-7 |
| 25 | തരിശ് നെൽകൃഷി -സബ്സിഡി അധികം നൽകി | 3-8 |
| 26 | കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സബ്സിഡി- നടത്തിപ്പിലെ അപാകതകൾ | 3-9 |
| 27 | പത്താംതരം തുല്യത പരീക്ഷ – പദ്ധതിയുടെ തുടർ മോണിറ്ററിംഗ് നടത്തിയില്ല. | 3-10 |
| 28 | പന്ത്രണ്ടാം തരം തുല്യത പരീക്ഷ – പദ്ധതി അപാകത | 3-11 |
| 29 | വടമുക്ക് സബ്സെന്റർ നവീകരണം - ആസൂത്രണത്തിൽ പിഴവ് - വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല. | 3-12 |
| 30 | പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം | 3-13 |
| 31 | മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ നടത്തിപ്പിലെ പോരായ്മകൾ | 3-14 |
| 32 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല | 3-15 |
| 33 | തെരുവ് വിളക്ക് -വാങ്ങലും അറ്റകുറ്റ പണികളും അപാകതകൾ | 3-16 |
| 34 | ആശ്രയ പദ്ധതി - പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല. | 3-17 |
| 35 | അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി- അധികതുക നൽകിയത് ക്രമീകരിച്ചിട്ടില്ല | 3-18 |
| 36 | മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണത്തിലെ അപാകതകൾ- സംബന്ധിച്ച്. | 3-19 |
| 37 | മെഡിക്കൽ ഓഫീസർ (അലോപതി) നിർവഹണത്തിലെ അപാകതകൾ - സംബന്ധിച്ച് | 3-20 |
| | ഭാഗം 4 | |
| 38 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 39 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 45 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| | അനുബന്ധം | |
| 48 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29-03-2017 തീയതിയിലെ 1-ാം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 21-02-2018 തീയതിയിലെ7 (1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2018 | 16-05-2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 25-06-18 മുതൽ 26-06-18 വരെ | കെ.എസ്.എ.എം.പി.എം 28/1539/2018 തിയ്യതി.04-07-18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,17,67,096 |
| വരവ് | 7,04,83,486 |
| ആകെ | 8,22,50,582 |
| ചെലവ് | 7,09,90,680 |
| നീക്കിയിരിപ്പ് | 1,12,59,902 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 1,56,79,000 | 1,56,79,000 | 1,54,62,198 | 2,16,802 |
| വികസന ഫണ്ട്-എസ്.സി.പി (ACR | 0 | 36,46,772 | 36,46,772 | 36,46,772 | 00 |

| | | | | | | |
|---|---|---|---|---|---|---|
| പ്രകാരം) | | | | | | |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 77,75,000 | 77,75,000 | 77,49,762 | 25,238 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 35,31,000 | 35,31,000 | 31,12,282 | 4,18,718 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 73,63,984 | 73,63,984 | 73,22,123 | 41,861 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 28,99,519 | 19,22,254 | 28,50,935 | 48,584 |
| സാക്ഷരത | | 89037 | 3579 | 92616 | 0 | 92616 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ. ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 12903050 | 12903050 | 12903050 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 839 | 617887 | 618726 | 613041 | 5685 |
| MDC – പെൻഷൻ ഫണ്ട് | | 908 | 0 | 908 | 0 | 908 |
| ടോട്ടൽ സാനിറ്റേഷൻ | | 601663 | 564374 | 1166037 | 540000 | 626037 |
| എസ്.എസ്.എ | | 21467 | 800 | 22267 | 0 | 22267 |
| കാനറാ ബാങ്ക് – MBS | | 12157 | 0 | 12157 | 287 | 11870 |
| കാനറാ ബാങ്ക് – OAP | | 116358 | 0 | 116358 | 69 | 116289 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 1469000 | 1469000 | 1469000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | ജില്ലാ പഞ്ചായത്ത് | 0 | 289000 | 289000 | 197800 | 91200 |
| ബി ഫണ്ട് | | 0 | 56321420 | 56321420 | 56321420 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 1765917 | 11582000 | 13347917 | 12728692 | 619235 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 7603422 | 11641207 | 19244629 | 13050628 | 6194001 |
| | ട്രഷറി അക്കൗണ്ട് | 326446 | 0 | 326446 | 0 | 326446 |
| SBT – Plan | | 1005055 | 2153284 | 3158339 | -- | 3158339 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 181 | 5,97,48,203 | 142 | 4,83,45,443 | 0 | 39 | 78.45 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 839 | 6,17,887 | 6,18,726 | 6,13,041 | 5685 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,29,03,050 | 1,29,03,050 | 1,29,03,050 | 0 |
| ആകെ | 839 | 1,35,20,937 | 1,35,21,776 | 1,35,16,090 | 5685 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58320 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 65,26,600 | 598 |
| വിധവാപെൻഷൻ | 1,40,89,000 | 1186 |
| വാർദ്ധക്യകാലപെൻഷൻ | 2,96,43,800 | 2465 |
| വികലാംഗപെൻഷൻ | 50,51,200 | 450 |
| വിവാഹ ധനസഹായം | 3,60,000 | 12 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 4,73,500 | 56 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19-07-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2543രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. സെക്രട്ടറി സൂക്ഷിക്കുന്ന 2017-18 സാമ്പത്തിക വർഷത്തെ ബിൽ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ മലയാളം പൂർണമായും ഉപയോഗിക്കേണ്ടതാണ്. ഓരോ രേഖപ്പെടുത്തലുകളിലേയും ബിൽ നമ്പർ അതാതു വൗച്ചറുകളിൽ രേഖപ്പെടുത്തി ഫയൽ ക്രമീകരണം നടത്തേണ്ടതാണ്.

2) ദിവസവേതനത്തിൽ ഡ്രൈവറടക്കം 14 ജീവനക്കാരാണ് പഞ്ചായത്തിലുള്ളത്. തൻവർഷം തസ്തികകളൊന്നും തന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. അറ്റന്റൻസ് രജിസ്റ്ററിൽ കൃത്യമായി ഹാജറും ലീവുകളും രേഖപ്പെടുത്തുന്നുണ്ട്. സർക്കാരിൽ നിന്നുള്ള പ്രത്യേക ഉത്തരവുകളൊന്നുമില്ലാതെ ദിവസ വേതനത്തിൽ ജീവനക്കാരെ നിയമിച്ചത് ക്രമത്തിലല്ല.

3)ഓഫീസ് ഓർഡർ രജിസ്റ്റർ പരിശോധിച്ചതിൽ ജീവനക്കാർക്ക് ജോലി വിഭജനം നടത്തുകയും ആവശ്യാനുസരണം നിരന്തരമായി ജോലി വിഭജനത്തിൽ മാറ്റം വരുത്തുകയും ചെയ്യുന്നുണ്ട്.
4).ജീവനക്കാരുടെ യോഗം തൻവർഷം 8 തവണ ചേർന്നിട്ടുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരു തവണയെങ്കിലും കൂടേണ്ടതും ഓഫീസ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.
5)ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നുണ്ട്. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടുണ്ട്.

6)ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, മറ്റ് റിക്കവറികൾ എന്നിവ കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് അടവാക്കുകയും ആയതിന് രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

7)എല്ലാ നിർവ്വഹണോദ്യോഗസ്ഥരും ഫോം നം.7Aമാതൃകയിലുള്ള ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല.

8)തൻവർഷം 22വിവരാവകാശ അപേക്ഷകൾ ലഭിക്കുകയും ആയത് സമയപരിധിക്കുള്ളിൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

9)ക്രമവത്ക്കരണമിനത്തിൽ ലഭിക്കുന്ന അപേക്ഷകൾ രജിസ്റ്ററിൽ ചേർത്ത് സൂക്ഷിക്കുന്നുണ്ട്.

10)രശീത് പ്രകാരം പിരിച്ചെടുക്കുന്ന തുക അടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ അടവാക്കി വരുന്നുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. ക്യാഷും അക്കൗണ്ടും വെവ്വേറെ ജീവനക്കാരാണ് കൈകാര്യം ചെയ്തു വരുന്നത്.

11)ദിവസാന്ത്യ, മാസാന്ത്യ, വർഷാന്ത്യ രേഖപ്പെടുത്തലുകൾ കൃത്യമായി രേഖപ്പടുത്തുന്നുണ്ട്.
12)ബജറ്റ് പാസാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ഓഡിറ്റിന്റെ ഭാഗമായി ക്യാഷ് ബാലൻസ് പരിശോധിച്ചതിൽ നീക്കിയിരിപ്പ് തുക ക്യാഷ് ബുക്കുമായി ഒത്തു പോകുന്നുണ്ട്.

13)സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരമുള്ള കമ്മിറ്റി രൂപീകരിക്കുകയും ആയത് പ്രകാരം വാങ്ങലുകൾ നടത്തുകയും സ്റ്റോക്കിലെടുക്കുകയും ചെയ്യുന്നുണ്ട്.
14)പി.എച്ച്.സി., ഹോമിയോ ഡിസ്പെൻസറി എന്നിവിടങ്ങളിലേക്ക് മരുന്ന് ലഭ്യമാക്കുന്നതിന് 300000/- വീതം കൈമാറിയെങ്കിലും ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് നാളിതു വരെ ലഭ്യമായിട്ടില്ല. പി.എച്ച്.സി യിലേക്ക് ആകെ 180000/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

15)പഞ്ചായത്ത് ഭരണസമിതി തൻവർഷം 28 യോഗങ്ങൾ ചേർന്നിട്ടുണ്ട്. വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 15 തവണയും ധനകാര്യസ്റ്റാന്റിങ്ങ് കമ്മിറ്റി 18 തവണയും യോഗം ചേർന്നിട്ടുണ്ടെങ്കിലും ഏപ്രിൽ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10 -ാം തിയ്യതിക്ക് ശേഷമാണ് മാസാന്ത്യ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ളത്.

16)തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ, പരസ്യ നികുതി ഉൾപ്പടെ ചുമത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
17) കൃഷി ഓഫീസർ, വി.ഇ.ഒ എന്നീ നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്റ്റുകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കൾ നൽകിയ അപേക്ഷകളിലെ വിവരങ്ങൾ പൂർണ്ണമല്ല. കൃഷി അസിസ്റ്റന്റിന്റെ അന്വേഷണ റിപ്പോർട്ട്, കൃഷി ഓഫീസറുടെ സാക്ഷ്യപത്രം എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല. വീട് പുനരുദ്ധാരണം എസ്.സി, ജനറൽ എന്നീ

ഗുണഭോക്താക്കൾ സമർപ്പിച്ച അപേക്ഷയിലെ എഗ്രിമെന്റിൽ ഗുണഭോക്താക്കളും, സാക്ഷികളും ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല. 100$m^2$ -ന് മേലെ വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് ധനസഹായം നൽകുന്നതിന് അർഹതയില്ല. എന്നാൽ അപേക്ഷയോടൊപ്പം അക്കാര്യം പരിശോധിക്കാനാവശ്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10-07-2018 | 01-06-2018 മുതൽ 30-06-2018 | ഇല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-03-2011 | 2005-06 മുതൽ 2009-10 വരെ | 07-05-2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത അക്കൗണ്ട്സുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. മെയിന്റനൻസ് ഫണ്ട് നോൺ റോഡ് 7,40,626 രൂപ ഷെഡ്യൂൾ ബി 4 ൽ ബാധ്യതയായി നിലനിർത്തിയിട്ടുണ്ട്.
2. വി.പി.എഫ്.എ 1-2 (ട്രഷറി തനത് ഫണ്ട്) അക്കൗണ്ടിൽ ലഭ്യമാക്കിയ ബാങ്ക് ബുക്ക് പ്രകാരം 2011 വർഷം മുതൽ 3,26,446 രൂപ നീക്കിയിരിപ്പുണ്ട്. റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയില്ല.
3. നിർവഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്, ആദായ നികുതി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
5. 2016-17 വർഷത്തെ വാർഷിക കണക്കുകളുടെ സർട്ടിഫിക്കേഷനിൽ പരാമർശിച്ച അപാകതകൾ പരിഹരിച്ചിട്ടില്ല.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി ആന്റ് ഒ ലൈസൻസ് ഫീ പിരിവ് കാര്യക്ഷമമല്ല

1. ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് ഫീസ് പിരിവും- അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്റർ പ്രകാരം ഗ്രാമ പഞ്ചായത്ത് ലൈസൻസ് നൽകിയ കടകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്

2015-16 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ ആകെ സ്ഥാപനങ്ങളുടെ എണ്ണം 260

2016-17 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ ആകെ സ്ഥാപനങ്ങളുടെ എണ്ണം 306

2017-18 സാമ്പത്തിക വർഷത്തിൽ ലൈസൻസ് നൽകിയ ആകെ സ്ഥാപനങ്ങളുടെ എണ്ണം 400

| 2017-18ൽ പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ(2017-18) | | | | |
|---|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ | ചട്ടപ്രകാരമുള്ള സമയം | 2016-17 ൽ | 2017-18ൽ പുതുക്കാത്ത | 2017-18 ൽ |

| | പുതുക്കിയവർ (A) | പാലിക്കാതെ വൈകി പുതുക്കിയവർ (B) | ആകെ (C) | അപേക്ഷകർ (D) | ആകെ |
|---|---|---|---|---|---|
| 150 | 10 | 240 | 306 | 56 (C-(A+B)) | 400 |

പഞ്ചായത്തിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം തുലോം കുറവാണ്. 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ (250) 96 %വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത് മാത്രവുമല്ല 56 അപേക്ഷകൾ പുതുക്കിയിട്ടുമില്ല. എന്നാൽ ലൈസൻസ് ഡിമാന്റ് രജിസ്റ്ററിലും / വാർഷിക ധനകാര്യ പത്രികയിലും കുടിശ്ശിക സംബന്ധിച്ച വിവരം ലഭ്യമല്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക, പുതുക്കുന്നതിന് വേണ്ടി ലഭിക്കുന്ന അപേക്ഷകർ സ്ഥല പരിശോധന നടത്താതെ പുതുക്കി നൽകുക എന്നിങ്ങനെയുള്ള രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ വിവരം ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുമ്പ് ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു.

ലൈസൻസ് ഇനത്തിൽ ലഭിക്കേണ്ട ഫീ യഥാസമയം പിരിച്ചെടുക്കുന്നതിൽ വീഴ്ച ഉണ്ടാവുന്നു.

| വർഷം | ഡി ആന്റ് ഒ ലൈസൻസ് ഫീ ഇനത്തിൽ ലഭിച്ച തുക |
|---|---|
| 2015-16 | 26590 |
| 2016-17 | 50510 |
| 2017-18 | 63350 |

2016-17 ൽ പിരിച്ചെടുത്ത 50510 ൽ 1550 രൂപയും 2017-18 ൽ പിരിച്ചെടുത്ത 63550 ൽ 2150 രൂപയും മാത്രമാണ് നിശ്ചിത സമയത്തിനുള്ളിൽ പിരിച്ചെടുത്തത് , 97 % അപേക്ഷയും വൈകിയാണ് ലഭിക്കുന്നത്, ഇത് മൂലം ലൈസൻസ് ഇല്ലാതെ തന്നെ പഞ്ചായത്തിലെ ഭൂരിഭാഗം സ്ഥാപനങ്ങളും പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതു മൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പരിശോധിച്ചതിൽ പഞ്ചായത്തിൽ വാണിജ്യാവശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്ന 1955 കെട്ടിടങ്ങൾ നിലവിലുള്ളതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ /പേര് | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ | വാണിജ്യാവ ശ്യത്തിനുള്ളവ | വാണിജ്യാ വശ്യത്തിനുള്ളവ |
|---|---|---|---|---|---|

| | വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ | വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യുവൽ സ്റ്റേഷൻ |
|---|---|---|---|---|---|
| 1- കാഞ്ഞിരമുക്ക് വെസ്റ്റ് | 24 | 2 | 0 | 0 | 1 |
| 2- കാഞ്ഞിരമുക്ക് കിഴക്ക് | 80 | 1 | 0 | 0 | 0 |
| 3- കരിങ്കല്ലത്താണി | 52 | 0 | 0 | 18 | 0 |
| 4- കാരക്കാട് | 87 | 2 | 0 | 19 | 10 |
| 5- പനമ്പാട് | 122 | 0 | 8 | 2 | 0 |
| 6- വടമുക്ക് | 53 | 0 | 0 | 0 | 0 |
| 7- അധികാരപ്പടി | 177 | 4 | 0 | 0 | 0 |
| 8- ഇറുവാണം | 25 | 0 | 0 | 0 | 0 |
| 9- താമലശ്ശേരി | 131 | 0 | 0 | 7 | 0 |
| 10- മാറഞ്ചേരി സെന്റർ | 311 | 37 | 0 | 0 | 10 |
| 11- പരിച്ചകം സൗത്ത് | 28 | 0 | 0 | 0 | 0 |
| 12-പരിച്ചകം നോർത്ത് | 33 | 0 | 0 | 0 | 0 |
| 13-മുക്കാല | 103 | 0 | 0 | 28 | 0 |
| 14- പനമ്പാട് വെസ്റ്റ് | 33 | 8 | 0 | 0 | 0 |
| 15- അവുണ്ടിത്തറ | 157 | 4 | 0 | 0 | 0 |
| 16-പുറങ്ങ് | 69 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| 17-പടിഞ്ഞാറ്റുമുറി | 41 | 0 | 0 | 0 | 0 |
| 18-ആവേൻകോട്ട | 77 | 0 | 0 | 0 | 0 |
| 19- കുണ്ടുകടവ് | 149 | 2 | 3 | 16 | 21 |
| ആകെ | 1752 | 60 | 11 | 90 | 42 |
| വാണിജ്യാവശ്യങ്ങൾക്കായി നമ്പർ അനുവദിച്ച കെട്ടിടങ്ങളുടെ എണ്ണം - 1955<br>(1752+60+11+90+42) | | | | | |

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം മുകളിൽ പറഞ്ഞിട്ടുള്ള 1955 കെട്ടിടങ്ങളിൽ 2017-18 വർഷത്തിൽ ഡി&ഒ ലൈസൻസെടുത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 400 എണ്ണം മാത്രമാണ്. 2017-18 ൽ 2 കെട്ടിടങ്ങൾക്കാണ് വേക്കൻസി റമിഷൻ അനുവദിച്ചത്, ഏകദേശം 20% സ്ഥാപനം മാത്രമാണ് പ്രവർത്തിക്കുന്നതിനായി ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. 40% ഒരേ സ്ഥാപനത്തിന്റെ വ്യത്യസ്ത കെട്ടിട നമ്പറോടുകൂടിയ കെട്ടിടങ്ങളായും പരിഗണിച്ചാൽ പോലും 40 ശതമാനത്തിലധികം കെട്ടിടങ്ങളിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു എന്നാണ് വ്യക്തമാകുന്നത്. വിശദമായ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ നടത്തുകയും ലൈസൻസ് ഫീസ്, സ്ഥാപനത്തിലെ ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

2- ഡി ആന്റ് ഒ രജിസ്റ്റർ, അപേക്ഷ എന്നിവ സംബന്ധിച്ച അപാകതകൾ

1. ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തിയ്യതി രേഖപ്പെടുത്തുന്നില്ല

2. പുതിയ അപേക്ഷയും പുതുക്കാനുള്ള അപേക്ഷയും തമ്മിൽ തിരിച്ചറിയാൻ സാധിക്കുന്നില്ല

3. വിറ്റുവരവോ / എച്ച് പിയുടെ അളവോ രേഖപ്പെടുത്താത്ത അപേക്ഷകൾ സ്വീകരിക്കുന്നു

4. ഡി ആന്റ് ഒ ട്രേഡേഴ്സ് രജിസ്റ്റർ വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

5. അപേക്ഷകളിൽ ഒട്ടിച്ച സ്റ്റാമ്പുകൾ ഉപയോഗശൂന്യമാക്കുന്നില്ല.

6. പുതിയ അപേക്ഷകർ സപ്ലിമെന്ററി ആയി വാർഡ് അടിസ്ഥാനത്തിൽ ഡി ആന്റ് ഒ ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

3- ഡി ആന്റ് ഒ ലൈസൻസിന് ലഭിച്ച അപേക്ഷകൾ അപൂർണ്ണം; ലൈസൻസ് ഫീ ഇനത്തിൽ വരുമാന നഷ്ടം ഉണ്ടാവുന്നു.

ഡി &ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ മിക്ക അപേക്ഷകളിലും വിറ്റുവരവോ/എച്ച് പി യുടെ അളവോ രേഖപ്പടുത്തുന്നില്ല. വിറ്റുവരവ്/എച്ച് പി രേഖപ്പെടുത്താത്ത അപേക്ഷ സമർപ്പിച്ചത് സ്വീകരിക്കുകയും ലൈസൻസ് പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്. വിറ്റുവരവോ എച്ച് പി യുടെ അളവോ ഇല്ലാത്തതിനാൽ ലൈസൻസ് ഫീസ് നിർണ്ണയത്തിലെ കൃത്യത ഉറപ്പു വരുത്താൻ കഴിഞ്ഞിട്ടില്ല .ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഡിമാന്റ് രജിസ്റ്ററിലെ ക്രമ നം. | ആവശ്യം | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|---|
| 1 | ഹിലാൽ ഫർണ്ണിച്ചർ യൂണിറ്റ് | 8 | ഫർണിച്ചർ കച്ചവടം | 300 |
| 2 | ജേയാർ കൊപ്ര സെന്റർ | 14 | വെളിച്ചെണ്ണ വിൽപ്പന | 200 |

| | | | | |
|---|---|---|---|---|
| 3 | ഒലീവ് കിഡ്സ് ആന്റ് ലേഡീസ് | 28 | റെഡിമെയ്ഡ് ഷോപ്പ് | 200 |
| 4 | ഹോണസ്റ്റ് ബേക്കറി | 37 | ബേക്കറി | 300 |
| 5 | അനശ്വര ജ്വല്ലറി, മാറഞ്ചേരി | 60 | ജ്വല്ലറി | 300 |
| 6 | മിൻഹാസ് സ്റ്റോഴ്സ് | 144 | പലചരക്ക് കച്ചവടം | 100 |
| 7 | സഹജ ഓയിൽ മില്ല് | 150 | കൊപ്ര, തേങ്ങ എന്നിവ സംഭരിച്ച് വിൽപന | 200 |
| 8 | ജലീൽ സ്റ്റോർസ് & ഫൂട്ട്‌വേർ | 161 | സ്റ്റേഷനറി കച്ചവടം | 100 |
| 9 | കടായിൽ ഹോളാ ബ്രിക്സ് | 168 | ഹോളോ ബ്രിക്സ് നിർമാണം | 500 |
| 10 | മലബാർ പപ്പടം | 228 | പപ്പടം നിർമാണം & വിൽപ്പന | 100 |
| 11 | ഹഫീസ് സ്വീറ്റ്സ് | 268 | ബേക്കറി | 200 |
| 12 | ന്യൂ ഫെയ്മസ് ബേക്കറി | 269 | ബേക്കറി | 200 |
| 13 | കൽപക ഹാർഡ്‌വെയേസ്, മാറഞ്ചേരി | 294 | ടൈൽസ്, സാനിറ്ററി ഉൽപന്നങ്ങളുടെ വിൽപ്പന | 200 |
| 14 | ഫ്രീ സോൺ, ഹോൾസെയിൽ & മാനുഫാക്ചറിംഗ് | 304 | വസ്ത്ര നിർമാണ വിൽപനശാല | 200 |
| 15 | വി കെ എ ഹാർഡ്‌വെയർ | 317 | ഹാർഡ്‌വെയർ സാധനങ്ങളുടെ വിൽപന | 200 |
| 16 | ചായക്കട നടത്തുന്നതിന് ഹസ്സൻകുട്ടി | 318 | ചായക്കട | 100 |
| 17 | ബെരിഷ് ഐസ്ക്രീം | 323 | ഐസ്ക്രീം കച്ചവടം | 100 |
| 18 | റോയൽ സൈക്കിൾസ്, മാറഞ്ചേരി | 326 | സൈക്കിൾസ്& സ്പെയർ പാർട്സ് വിൽപന | 100 |
| 19 | പ്രിയം പപ്പടം | 359 | പപ്പടം നിർമാണം & വിൽപ്പന | 100 |
| 20 | തോഷിബ കേബിള് നെറ്റ്‌വർക്ക് ,മാറഞ്ചേരി | 381 | കേബിൾ ടി.വി ഉപകരണങ്ങളുടെ വിൽപനയും സർവീസും | 200 |

വിറ്റു വരവോ, എച്ച് പി യുടെ അളവോ ഇല്ലാതെ ലൈസൻസ് നിരക്ക് നിർണയിച്ചത് ക്രമപ്രകാരമല്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

4. റേഷൻകടകൾ പഞ്ചായത്തിന്റെ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചാത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക I ക്രമ നമ്പർ 149 പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ മുതലായവയിൽ നിന്ന് ലൈസൻസ് നൽകി ഫീസ് ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുവാൻ നാളിതുവരെ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. ബന്ധപ്പെട്ട ലൈസൻസ് രജിസ്റ്ററിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ സംബന്ധിച്ചുള്ള യാതൊരു വിവരവും ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ അടിയന്തിരമായി ലൈസൻസ് നൽകുവാനും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി (സ്ഥാപനത്തിന്റേയും ജീവനക്കാരുടേയും) ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണ്.

5. വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ ഉപയോഗ തരം ശ്രദ്ധിക്കപ്പെടുന്നില്ല.

ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളിൽ വാണിജ്യ പ്രവർത്തനങ്ങളാണ് നടക്കുന്നതെങ്കിലും സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ കെട്ടിടത്തിന്റെ തരം തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിലൂടെ വസ്തു നികുതി ഇനത്തിൽ നഷ്ടം സംഭവിക്കുന്നു, ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

| വാർഡ് നമ്പർ/ കെട്ടിട നം | ഡി ആന്റ് രജിസ്റ്ററിലെ ക്ര.ന | ഉപയോഗം | വിസ്തീർണ്ണം | നികുതി നിർണ്ണയത്തിൽ കെട്ടിടത്തിന്റെ തരം |
|---|---|---|---|---|
| 14/128 | 157 | റൈസ് ആന്റ് ഫ്ലോറ് മില്ല് | താഴത്തെനില (50 ച മീ ) | പാർപ്പിടാവശ്യം |
| 9/47 | 77 | ഷൂമാക്ക് ഫുട്ട്‌വേർ | താഴത്തെ നില (63ച മീ ) | പാർപ്പിടാവശ്യം |
| 13/57 | 100 | ഗ്യാലക്സ് ട്രോഫീസ് | ഒന്നാം നില (200 ച മീ ) | പാർപ്പിടാവശ്യം |
| 10/493 | 113 | സ്റ്റേഷനറി കച്ചവടം | താഴത്തെ നില (90ച മീ ) | പാർപ്പിടാവശ്യം |
| 15/357 | 149 | പലചരക്ക് കച്ചവടം | അസസ്മെന്റ് രജിസ്റ്ററിൽ 15 /357 നമ്പറിംഗ് നൽകിയിട്ടില്ല | |
| 15/138 | 227 | കാട്ടിൽ സ്റ്റോർസ് | താഴത്തെ നില (74 ച മീ ) | പാർപ്പിടാവശ്യം |
| 3/290 | 399 | സ്റ്റേഷനറി & ഫുഡ് ഉൽപന്നങ്ങളുടെ വിൽപന | താഴത്തെ നില (28 ച മീ ) | പാർപ്പിടാവശ്യം |

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1. സ്ഥാപന രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ

സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥാപന രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ തൊഴിൽ നികുതി പിരിച്ചെടുത്തതിന്റെ കൃത്യത ഉറപ്പ് വരുത്താൻ ഓഡിറ്റിന് സാധിച്ചില്ല.

2. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള താഴെ പറയുന്ന സ്ഥാപനങ്ങൾ അവയുടെ സ്ഥാപന തൊഴിൽ നികുതി അടക്കുന്നുണ്ടെങ്കിലും ജീവനക്കാരുടെ തൊഴിൽ നികുതി അടക്കുന്നില്ല. 2017-18 ലെ ഡി & ഒ ലൈസൻസ് അപേക്ഷകൾ പ്രകാരം ഏതാനും സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം താഴെ കൊടുക്കുന്നു.

| ക്ര.ന | ഡി & ഒ ലൈസൻസ് അപേക്ഷ /ഡിമാന്റ് രജിസ്റ്ററിലെ ക്ര.നമ്പർ | സ്ഥാപനത്തിന്റെ പേര് | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | 5 | ഒ.എം സോമിൽ | 4 |
| 2 | 6 | ഹിലാൽ ഫൈബർ മില്ല് | 5 |
| 3 | 13 | ജേയാർ കൊപ്ര സെന്റർ | 5 |
| 4 | 31 | ക്ലാസിക് ബ്രിക്സ് | 4 |
| 5 | 32 | ഷാസ് ഫുഡ് സെന്റർ | 5 |
| 6 | 36 | ഫെയ്മസ് ബേക്കറി | 6 |
| 7 | 37 | ഹോണസ്റ്റ് ബേക്കറി | 4 |
| 8 | 66 | രാസ ജൈവ വളങ്ങൾ | 13 |
| 9 | 69 | ന്യൂ ക്വോളിറ്റി സൂപ്പർ മാർക്കറ്റ് | 5 |
| 10 | 93 | സി . ജി ഹാർഡ്‌വെയർ മാറാഞ്ചേരി | 4 |
| 11 | 104 | ബ്ലാസ്റ്റ ബേക്സ് | 4 |
| 12 | 117 | ആയിഷ വുഡ് ഇൻഡസ്ട്രീസ് | 4 |
| 13 | 140 | വിശ്വം ഫർണിച്ചർ | 4 |
| 14 | 164 | എം എ ഫർണിച്ചർ | 4 |
| 15 | 170 | പവർ സൊലൂഷൻ | 15 |
| 16 | 177 | ടി സി എം ട്രേഡ് ലിങ്ക്സ് | 5 |
| 17 | 274 | ഡെനോവോ ടെക്നോളജീസ് | 4 |
| 18 | 304 | ഫ്രീസോൺ ഹോൾസെയിൽ മാനുഫാക്ചറിംഗ് | 4 |
| 19 | 385 | ഹോണ്ട കെയർ , പുറങ്ങ് | 4 |
| 20 | 395 | ഫെമിനാസ് ഗാർമെന്റ്സ് | 3 |

3. ശാരീരിക അവശത (പി.എച്ച്) - സാക്ഷ്യപത്രം ലഭ്യമാക്കാതെ ഇളവ് അനുവദിച്ചു.

തൊഴിൽ നികുതി ഇളവ് അനുവദിച്ച് നൽകിയപ്പോൾ ശാരീരിക അവശത (പി.എച്ച്) കാരണമായി നൽകിയിട്ടുള്ളത്. എന്നാൽ ഇത്തരത്തിൽ ഇളവ് അവകാശപ്പെടുമ്പോൾ അതിനനുസൃതമായി സാക്ഷ്യപത്രം തൊഴിൽ

നികുതി സ്റ്റേറ്റ്മെന്റിനോടൊപ്പം ചേർത്തുവക്കേണ്ടതാണ്. സർക്കാർ ആശുപത്രിയിലെ ബന്ധപ്പെട്ട സ്പെഷ്യാലിറ്റി വിഭാഗം തലവനിൽ നിന്നും 40 ശതമാനമോ അതിലധികമോ അംഗവൈകല്യമുള്ളതായി സാക്ഷ്യപത്രം ഹാജരാക്കിയാൽ അവർക്ക് തൊഴിൽനികുതി ഒഴിവാക്കി നൽകാവുന്നതാണ് (ജി.ഒ(ആർ.ടി) 1366/90/ത.ഭ.വ തിയ്യതി : 27/03/1990). എന്നാൽ ബന്ധപ്പെട്ട സാക്ഷ്യപത്ര പകർപ്പ് ലഭ്യമാക്കിയതായി കാണുന്നില്ല

ഉദാ:

| ക്രമ നം. | ജീവനക്കാരന്റെ പേര്(തസ്തിക) | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | ശ്രീ സതീഷ് കെ കാരാട്ട് (സീനിയർ ഇൻസ്ട്രക്ടർ) | ഗവ.ഐ.ടി ഐ, മാറഞ്ചേരി |
| 2 | ശ്രീ. കെ പി മുഹമ്മദ് അഷ്റഫ് (പോസ്റ്റ്മാൻ) | മാറഞ്ചേരി പോസ്റ്റ് ഓഫീസ് |

4. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

WP(C) No.16670/ 06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2017-18 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല.

## 2-3 പരസ്യനികുതി ഈടാക്കിയിട്ടില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്- 209 പ്രകാരം, ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിൻമേലോ പരസ്യം പ്രദർശിപ്പിക്കുന്നതിന് അംഗീകരിച്ച ബൈലോ പ്രകാരമുള്ള നിരക്കിൽ പരസ്യ നികുതി ഈടാക്കാൻ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ബൈലോ തയ്യാറാക്കി സർക്കാർ അംഗീകരിച്ച് പരസ്യ നികുതി ഈടാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചതായി കാണുന്നില്ല.
തനത് വരവിനങ്ങൾ യഥാ സമയം പിരിച്ചെടുക്കുന്നതിലും ആയതിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിലും വീഴ്ച ഉണ്ടാവുന്നു. പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി ഉണ്ടാവുന്നില്ല, ആയതിനാൽ മേൽ വിഷയങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധപതിപ്പിക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം21/31.07.2018)

## 2-4 വാർഷിക സംക്ഷിപ്തം തയ്യാറാക്കിയിട്ടില്ല.

2017-18 ൽ പരിച്ചെടുത്ത വരവ് ഇനങ്ങളായ ട്യൂട്ടോറിയൽ രജിസ്ട്രേഷൻ ഫീ , പന്നികൾക്കും പട്ടികൾക്കും ലൈസൻസ് ഫീ എന്നിവക്ക് വാർഷിക സംക്ഷിപ്തം തയ്യാറാക്കി സാക്ഷ്യപെടുത്തിയിട്ടില്ല.

## 2-5 ഇ – ടെണ്ടർ - ടെണ്ടർ ഫോമിന്റെ വില പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൌണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

| പ്രവൃത്തി | ടെണ്ടർ സമർപ്പിച്ചത് | ടെണ്ടർ ഫോമിന്റെ വില |
|---|---|---|
| പൂൻചോട്ടിപ്പറമ്പ് ചീർപ്പ് പാടം റോഡ് നവീകരണം | AV.അബ്ദുൽ സലാം | 1500 |
| | AV.മൂസക്കുട്ടി | 1500 |
| MK കുമാരൻ സ്മാരക റോഡ് കോൺക്രീറ്റ് | MV.ഭക്തവൽസലൻ | 1450 |
| | ഖാലിദ് | 1450 |
| പഞ്ചായത്ത് ഓഫീസ് കെട്ടിട നവീകരണം | E.ബാബുരാജ് | 3000 |
| | AV.അബൂബക്കർ | 3000 |

| | | |
|---|---|---|
| PHC Quarters നവീകരണം | ശിവദാസൻ.ഇ | 1600 |
| | MV.ഭക്തവൽസലൻ | 1600 |
| ഹംസ മെമ്മോറിയൽ റോഡ് കോൺക്രീറ്റിംഗ് | AV.അബ്ദുൽ സലാം | 1200 |
| | AV.മൂസക്കുട്ടി | 1200 |
| 112 ാം നമ്പർ അംഗനവാടി നിർമാണം | ശിവദാസൻ.ഇ | 2500 |
| | MV.ഭക്തവൽസലൻ | 2500 |
| 106 ാം നമ്പർ അംഗനവാടി നിർമാണം | ശിവദാസൻ.ഇ | 2500 |
| | E.ബാബുരാജ് | 2500 |

ടെണ്ടർ ഫോറത്തിന്റെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല. ഓഡിറ്റ് അന്വേഷത്തിനുള്ള മറുപടിയിൽ തുക ഈടാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സമഗ്ര വിദ്യാഭ്യാസ പദ്ധതി - പ്രൊജക്ട് അപാകത – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഇടപെടുന്നില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് | 35/18 |
| ചെലവ് | 142125 |
| ചെക്ക് നം | 2494353/30.1.18 (29250)<br>2494386/27.3.18 (112875) |

സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ചെലവുകൾ നടന്നിട്ടുണ്ട്.

| | |
|---|---|
| പ്രവേശനോൽസവം, മറ്റ് അനുബന്ധ ചെലവുകൾ | 17200 |
| കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ | 12050 |
| ഉണർവ് മാസിക | 15000 |
| ബേബി ചെയർ | 7875 |
| റീഡിംഗ് മെറ്റീരിയൽസ് | 24300 |
| LSS പരീക്ഷ പരിശീലനം -അദ്ധ്യാപകർക്ക് വേതനം നൽകിയത് | 10700 |
| വിദ്യാർത്ഥികളുടെ പഠന നിലവാരം | 50000 |

| | |
|---|---|
| ഉയർത്തുന്നതിന്-GHSS മാറഞ്ചേരിക്ക് നൽകിയത് (Printing,Stationary,Refreshment) | |
| നിർവഹണ ചെലവുകൾ | 5000 |
| ആകെ | 142125 |

പദ്ധതി അപാകത

1. LSS പരീക്ഷ പരിശീലനത്തിന്റെ ഭാഗമായി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് വേണ്ടി 10700 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ല. സ.ഉ(എം.എസ്)നമ്പർ.80/2017 ത.സ്വ.ഭ.വ തിയതി.3.4.17 പ്രകാരം അദ്ധ്യാപകരുടെ സന്നദ്ധ സേവനം പ്രയോജനപ്പെടുത്തികൊണ്ട് വേണം ഇത്തരം പരിശീലനം നടത്തേണ്ടത്. അദ്ധ്യാപകർക്ക് വേതനം നൽകുന്നതിന് വേണ്ടി തുക ചെലവഴിക്കാൻ പാടില്ല. സർക്കാർ ഉത്തരവിന് വിരുദ്ധമായ 10700 രൂപയുടെ ചെലവ് ഈ പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥൻ ശ്രീ. ഗംഗാധരൻ .എ (HM), ഈ പദ്ധതിക്ക് അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ ശ്രീ. മുഹമ്മദലി (AEO) എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

2. GLPS പുറങ്ങ് സ്കൂളിന് വേണ്ടിയാണ് 12050 രൂപ ചെലവഴിച്ച് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത്. നിലവിൽ ഈ സ്കൂളിൽ 2 ലാപ്പ് ടോപ്പുകളും 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളുമാണ് ഉള്ളത്.

ഇതിൽ ഒരു ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ ഒഴികെയുള്ളവ വർഷങ്ങളായി പ്രവർത്തനക്ഷമമല്ല എന്നാണ് നിർവഹണ ഉദ്യാഗസ്ഥ അറിയിച്ചിട്ടുള്ളത്. ഇത്തരം ഒരു സാഹചര്യം നിലനിൽകെ താഴെ പറയുന്ന ഉപകരണങ്ങൾ വാങ്ങിയത് എന്തിനാണെന്ന് വിശദീകരിക്കേണ്ടതാണ്.

| | |
|---|---|
| UPS | 3 nos |
| Mouse | 1 nos |
| Keboard | 2 nos |
| Speaker | 2 nos |

പ്രവർത്തന ക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ റിപ്പയർ ചെയ്ത് ഉപയോഗ യോഗ്യമാക്കുന്നതിന് പകരം പുതിയത് വാങ്ങിയതിലൂടെ അനാവശ്യ ചെലവ് വരുത്തിവക്കുകയാണ് ചെയ്തത്. വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ഫലപ്രദമായി ഈ മേഖലയിൽ ഇടപെടാത്തതു കാരണം ഈ മേഖലയിൽ അനാവശ്യ ചെലവുകൾ ഉണ്ടാവുന്നു. കൂടാതെ കൃത്യമായ മോണിറ്ററിംഗ് ഉണ്ടായിരുന്നെങ്കിൽ വർഷങ്ങളായി കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാവാതെ കിടക്കില്ലായിരുന്നു. GLPS പുറങ്ങ് സ്കൂളിൽ ഉള്ള പ്രവർത്തന ക്ഷമമല്ലാത്ത കമ്പ്യൂട്ടറുകൾ പ്രവർത്തനക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. GO(MS)72/2017/LSGD തി 29.3.17 സർക്കാർ ഉത്തരവിൽ , വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക, പഠന നിലവാരം ഉയർത്തുക,വിദ്യാർത്ഥികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക എന്നിവക്ക് വേണ്ടിയുള്ള പ്രൊജക്ടുകൾ SSA,RMSA പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പ് വരുത്തിയതിന് ശേഷം മാത്രമാണ് ത.സ്വ.ഭ.സ്ഥാപനം ഏറ്റെടുക്കേണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട് . മേൽ പദ്ധതിയിൽ 75% വും ഇത്തരം കാര്യങ്ങൾക്കാണ് തുക വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ SSA,RMSA പരിപാടികളുടെ ആവർത്തനം അല്ല എന്ന് ഉറപ്പ് വരുത്തിയിട്ടില്ല. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മറ്റ് അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ് എന്ന് നിർദേശിക്കുന്നു.

## 3-2 8-ാം ക്ലാസ്സ് വിദ്യാർത്ഥിനികൾക്ക് (ജനറൽ) സൈക്കിൾ വാങ്ങി നൽകൽ - വാങ്ങൽ നടപടികളിൽ ക്രമക്കേട്

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |

| | |
|---|---|
| | |
| പ്രൊജക്റ്റ് | 162/18 (ജനറൽ) |
| ചെലവ് | 396781 |
| ബിൽ നം | 4/24.11.17 |

8ാം ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടികൾക്ക് സൈക്കിൾ വാങ്ങി നൽകൽ എന്ന പദ്ധതി പ്രകാരം സഫാരി സൈക്കിൾസ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും മേൽ ബിൽ പ്രകാരമുള്ള തുകക്ക് 102 സൈക്കിൾ (Avon Sherry pretty miss 26T) വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സ.ഉ.(എം.എസ്)നമ്പർ.80/2017/ത.സ്വ.ഭ.വ തി. 3.4.2017 സബ്സിഡി മാർഗ്ഗരേഖ പ്രകാരം 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടിക ജാതി / പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിനാണ് അനുവദിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകുന്നതിന് പ്രത്യേകം സർക്കാർ അനുമതി ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

2. സഫാരി സൈക്കിൾസ് , മലപ്പുറത്തിൽ നിന്നും ഒരു സൈക്കിളിന് 3890രൂപ വെച്ച് ആകെ 396781/-രൂപക്കുള്ള സൈക്കിളുകളാണ് വാങ്ങിയിട്ടുള്ളത്. മറ്റ് 3 സ്ഥാപനങ്ങൾ സമർപ്പിച്ച ടെണ്ടറുകൾ പ്രകാരം സൈക്കിളിന് ക്വാട്ട് ചെയ്ത നിരക്ക് ഇതിലും കുറവാണ്. വിശദ വിവരം താഴെ പറയുന്നു.

| സ്ഥാപനം | ഇനം | നിരക്ക് |
|---|---|---|
| KN (India)Trading Co.,Kodur,Malapuram | KN Hindon Blazer | 3490 |
| --do-- | SK KN Terol | 3510 |
| Real Group, AR Nagar | SK Baiks | 3870 |
| Invite Interior,Vengara | SK cycles | 3968 |

21.10.17 ലെ 1ാം നമ്പർ ഭരണ സമിതി തീരുമാനപ്രകാരമാണ് ടെണ്ടർ അംഗീകരിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനങ്ങളെ തഴഞ്ഞ് കൂടിയ നിരക്ക് സമർപ്പിച്ച സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങാനുള്ള സാഹചര്യം വ്യക്തമാക്കിയിട്ടില്ല.

3. കുറഞ്ഞ നിരക്ക് 3490/-ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും സൈക്കിൾ വാങ്ങിയിരുന്നെങ്കിൽ 40801 രൂപ അധിക ചെലവ് ഒഴിവാക്കുകയോ 11 ഗുണഭോക്താക്കൾക്ക് കൂടി ഈ ആനുകൂല്യം ലഭ്യമാക്കുകയോ ചെയ്യാമായിരുന്നു. വ്യക്തമായ കാരണങ്ങളില്ലാതെയാണ് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങുന്നതിന് തീരുമാനം എടുത്ത ഭരണ സമിതി അംഗങ്ങളിൽ നിന്നും നഷ്ട തുക ഈടാക്കേണ്ടതാണ്.

4. ടെണ്ടർ നോട്ടീസിൽ സൈക്കിളുമായി ബന്ധപ്പെട്ട Specification രേഖപ്പെടുത്തിയിട്ടില്ല.

5. 3.12.17, 26.12.17 എന്നീ തിയതികളിൽ മാത്രമാണ് പർച്ചേസിംഗ് കമ്മിറ്റി യോഗം കൂടിയിട്ടുള്ളത്. പ്രസ്തുത യോഗങ്ങളിൽ Procurement Committee മിനുട്സ് ബുക്ക് പ്രകാരം മേൽ പർച്ചേസ് ഉൾപ്പെട്ട അംഗീകാരം ലഭിച്ചിട്ടില്ല. ബന്ധപ്പെട്ട പർച്ചെസിംഗ് കമ്മിറ്റിയുടെ കൺവീനറായ ഹെഡ്മാസ്റ്റർക്ക് ആയതിന് വിശദീകരണം നൽകാനായിട്ടില്ല.

6. ലഭ്യമായ ക്വട്ടേഷനുകളിലെ നിരക്കിന്റെ Comparative Statement വച്ചിട്ടില്ല.

7.കരാർ വ്യവസ്ഥകൾ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല.

വാങ്ങേണ്ട സൈക്കിളിന്റെ Specification തീരുമാനിക്കുന്നതും, വാങ്ങുന്നത് മുതൽ ഗുണഭോക്താക്കളിലേക്ക് എത്തിക്കുന്നതിലും തുടർ മോണിറ്ററിംഗിലും പ്രൊക്യൂർമെന്റ് കമ്മിറ്റിയുടെ ഇടപെടൽ ഉണ്ടാവേണ്ടതാണ്. വാങ്ങലുകളുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയുടെ സുഗമമായ നടത്തിപ്പിന് വേണ്ടിയാണ് പ്രൊക്യൂർമെന്റ് പ്ലാൻ

കമ്മിറ്റി, പ്രൊക്യൂർമെന്റ് കമ്മിറ്റി എന്നിവ രൂപീകരിക്കുന്നത്. പ്രസ്തുത കമ്മിറ്റികൾ തങ്ങളുടെ ഉത്തരവാദിത്തം നിറവേറ്റിയിട്ടില്ല എന്ന് കാണുന്നു.

8. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായ ഈ പദ്ധതി വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെ വിവിധ യോഗങ്ങളിൽ ശുപാർശ ചെയ്യുകയും പ്രൊജക്ട് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടില്ലാത്ത ഈ പദ്ധതിക്ക് അംഗീകാരം നൽകിയ ഉദ്യോഗസ്ഥൻ ശ്രീ. ഗംഗാധരൻ .എ (HM)യും, ഈ പദ്ധതിക്ക് അംഗീകാരം നൽകിയ മേലുദ്യോഗസ്ഥൻ ശ്രീ. മുഹമ്മദലി (AEO)യും ആണ്. പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമാണെന്ന് കാണിച്ച് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി ഭരണ സമിതിയെ അറിയിച്ചിട്ടില്ല. അനുമതി ഉത്തരവ് ലഭ്യമാവും വരെ ചെലവു തുക 396781/-രൂപയിൽ നഷ്ട തുക 40801/-രൂപ കഴിച്ച് 355980/-രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഓഡിറ്റ് അന്വേഷണം (6/21-07-2018) നൽകിയതിന് മറുപടിയായി കുറഞ്ഞ നിരക്ക് അനുവദിച്ച സ്ഥാപനങ്ങളുടെ സൈക്കിൾ ഗുണമേന്മയില്ലാത്തതിനാലാണ് വാങ്ങാത്തത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഇക്കാര്യം കൂടിയ നിരക്ക് സ്വീകരിക്കുന്നതിനുള്ള കാരണമായി ഭരണ സമിതി തീരുമാനത്തിൽ വന്നിട്ടില്ലാത്തതിനാൽ മറുപടി തൃപ്തികരമല്ല. പദ്ധതി ചെലവിന്മേൽ സാധൂകരണം ലഭ്യമാക്കാത്ത പക്ഷം ഉത്തരവാദികളുടെ (ശ്രീ. ഗംഗാധരൻ.എ. (എച്ച്.എം), ശ്രീ.മുഹമ്മദാലി (എ.ഇ.) എന്നിവർക്ക്) മേൽ 355980/-രൂപയുടെ ബാധ്യത ചുമത്തുന്നതാണ്.

## 3-3 അംഗനവാടി നിർമ്മാണം അപാകത – വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ
പ്രോജക്ട്-SO128

കരാറുകാരൻ - ശിവദാസൻ .ഇ

MB – 153/16-17

മൂല്യ നിർണ്ണയം - 1110384

ബിൽ - 17/21.8.17

17 ാം വാർഡിലെ 112 ാം നമ്പർ അംഗനവാടി നിർമ്മാണത്തിന് 11,10,384 രൂപ ചെലവഴിച്ചിട്ടുണ്ട്. 30.7.18 ന് ഓഡിറ്റ് ടീം പ്രവൃത്തി നടന്ന സ്ഥലം നേരിൽ സന്ദർശിച്ചപ്പോൾ പ്രവൃത്തി നടത്തിപ്പിൽ അപാകതകൾ കണ്ടു. അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി തുക അനുവദിച്ച താഴെ പറയുന്ന ഇനങ്ങൾ പ്രവൃത്തിയിൽ ചെയ്തതിട്ടില്ല.

| കോഡ് | ഇനം | അളവ് | ചെലവഴിച്ച തുക |
|---|---|---|---|
| 9.79.3 | Providing and fixing Spl. Quality bright finished brass cup board | 1@261 | 261 |
| 17.7.4 | Wash basin | 2@2000 | 4000 |
| 17.9.1 | Kitchen Zink<br>(600x450x250 | | 3300 |
| 50.17.1.1 | Stainless steel Soap dish | 2@66 | 132 |
| 50.17.1.3 | Stainless steel Towel rod | 3@127 | 381 |
| 9.100.2 | Providing and Fixing Alumium handles | 8@75 | 600 |

Kitchen Zink (450x450) (17.9.1 code)ആണ് സ്ഥാപിച്ചിട്ടുള്ളത്. ആയതിന് അനുവദിക്കാവുന്ന മാർക്കറ്റ് നിരക്ക് 1800 രൂപയാണ്. ഈയിനത്തിലെ ക്രമപ്രകാരമല്ലാത്ത ചെലവ് 1500 രൂപ. വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ കീഴിലുള്ള വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുന്നില്ല എന്ന് മേൽ പ്രവൃത്തിയുടെ അപാകതളിൽ നിന്ന് വ്യക്തമാണ്. മരാമത്ത് പ്രവൃത്തികളിൽമേൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്.

ചെയ്യാത്ത ഇനങ്ങൾക്ക് അനുവദിച്ച 6874രൂപ (കിച്ചൺ സിങ്ക് മാർക്കറ്റ് നിരക്കിനെക്കാൾ അധികമായി ചെലവഴിച്ച 1500/-രൂപ ഉൾപ്പെടെ ) ഓഡിറ്റിൽ അനുവദിക്കുന്നില്ല. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയ

ശ്രീ.ജിജോ പുലിക്കോട്ടിൽ അസി.എഞ്ചിനീയറിൽ നിന്നും 6874 രൂപ തിരിച്ചീടാക്കേണ്ടതാണ്.




## 3-4 കോംപെൻസേഷൻ GST ഉൾപ്പെടുത്തി കരാറുകാരന് അധികം തുക നൽകി -

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ 5% GST Compensation അനുവദിച്ച് മൂല്യ നിർണ്ണയം കണക്കാക്കിയിട്ടുണ്ട്. GST കരാറുകാരൻ അടവാക്കിയതിന്റെ രേഖ സമർപ്പിക്കുന്ന മുറക്കേ കരാറുകാരന് GST Compensation ന് അർഹതയുള്ളൂ എന്നിരിക്കേ GST അടവാക്കാത്ത മരാമത്ത് പ്രവൃത്തികളിൽ GST Compensation അനുവദിച്ചത് വഴി കരാറുകാർക്ക് അധിക തുക നൽകി. 31.3.18 വരെ കരാറുകാരുടെ ബില്ലിൽ നിന്നും GST പിടിക്കേണ്ടതില്ലെന്ന് GST കൗൺസിലിന്റെ തീരുമാനം ഉള്ളതാണ്.(GO(P)87/2017/lsgd dt.1.11.17)

| ക്രമ നം | പ്രൊജക്റ്റ് | കരാറുകാരൻ | പേമെൻറ് വിവരം | കരാറുകാരന് നൽകാവുന്ന തുക | കരാറുകാരന് അധികം നൽകിയത് |
|---|---|---|---|---|---|
| 1 | 111,113,115 നം അംഗനവാടികൾ അറ്റകുറ്റ പണി (SO102/18)<br>MB-119/17-18<br>ബിൽ നം-50/28.3.18<br>മൂല്യനിർണ്ണയം - 193075<br>കരാർ-17/8.11.17 | അബ്ദുൽ സലാം.AV | മൂല്യനിർണ്ണയം - 183881<br>GST (5%) - 9194<br>193075<br>(-) IT (1%) - 1839<br>(-)Kcwf(1%) - 1839<br>കരാറുകാരന്<br>നൽകിയത് 189397 | 180203 | 9194 |
| 2 | വടമുക്ക് സബ്സെന്റർ നവീകരണം (SO095/18) | ഖാലിദ് | മൂല്യനിർണ്ണയം - 354567 | 347475 | 17728 |

| | | | | | |
|---|---|---|---|---|---|
| | MB-82,85/17-18<br>ബിൽ നം-39/23.2.18<br>മൂല്യനിർണ്ണയം - 372295<br>കരാർ-24/9.11.17 | | GST (5%) - 17728<br>372295<br>(-) IT (1%) - 3546<br>(-)Kcwf(1%) - 3546<br>കരാറുകാരന്<br>നൽകിയത് 365203 | | |
| 3 | മേനാത്ത് എടവഴി റോഡ് സൈഡ് പ്രൊട്ടക്ഷൻ (SO090/18)<br>MB-82/17-18<br>ബിൽ നം-31/30.1.18<br>മൂല്യനിർണ്ണയം - 125000<br>കരാർ-7/7.11.17 | ഷണ്മുഖൻ | മൂല്യനിർണ്ണയം - 119090<br>GST (5%) - 5955<br>125045<br>125000 (Limited TS)<br>(-) IT (1%) - 1190<br>(-)Kcwf(1%) - 1190<br>കരാറുകാരന്<br>നൽകിയത് 122620 | 116710 | 5910 |
| 3 | പാറോട്ടിക്കുളം നവീകരണം (SO105/18)<br>MB-137/17-18<br>ചെക്ക്-28180/31.3.18<br>മൂല്യനിർണ്ണയം - 194534<br>കരാർ-31/14.11.17 | ബക്തവൽസലൻ | മൂല്യനിർണ്ണയം - 185271<br>GST (5%) - 9263<br>194534<br>(-) IT (1%) - 1853<br>(-)Kcwf(1%) - 1853<br>കരാറുകാരന്<br>നൽകിയത് 190828 | 181565 | 9263 |
| 4 | അവുണ്ടിത്തറ മദ്രസ സൈഡ് പ്രൊട്ടക്ഷൻ (SO089/18)<br>MB-88/17-18<br>ബിൽ നം-37/23.2.18<br>മൂല്യനിർണ്ണയം - 230000<br>കരാർ-08/7.11.17 | ഷൺമുഖൻ | മൂല്യനിർണ്ണയം - 225668<br>GST (5%) - 11283<br>236951<br>230000 (Limited TS)<br>(-) IT (1%) - 2257<br>(-)Kcwf(1%) - 2257<br>കരാറുകാരന്<br>നൽകിയത് 225486 | 221154 | 4332 |
| 5 | 151ാം നമ്പർ അംഗനവാടി ചുറ്റുമതിൽ (SO113/18)<br>MB-91/17-18<br>ബിൽ നം-41/28.2.18 | അബ്ദുൽ സലാം.AV | മൂല്യനിർണ്ണയം - 227886<br>GST (5%) - 11394<br>239280 | 223328 | 11394 |

| | | | | | |
|---|---|---|---|---|---|
| | മൂല്യനിർണ്ണയം - 239280<br>കരാർ-15/8.12.17 | | (-) IT (1%) - 2279<br>(-)Kcwf(1%) - 2279<br>കരാറുകാരന്<br>നൽകിയത് 234722 | | |
| 6 | 2 Public Well നവീകരണം (SO108/18)<br>MB-121/17-18<br>ബിൽ നം-51/28.3.18<br>മൂല്യനിർണ്ണയം - 143223<br>കരാർ-13/8.11.17 | മൂസക്കുട്ടി.AV | മൂല്യനിർണ്ണയം - 136403<br>GST (5%) - 6820<br>143223<br>(-) IT (1%) - 1365<br>(-)Kcwf(1%) - 1365<br>കരാറുകാരന്<br>നൽകിയത് 140493 | 133673 | 6820 |
| 7 | കുണ്ടൻകുഴി മോട്ടോർ ഷെഡ് നവീകരണം (SO104/18)<br>MB-135/17-18<br>ബിൽ നം-55/31.3.18<br>മൂല്യനിർണ്ണയം - 130000<br>കരാർ-18/7.11.17 | ബക്തവൽസലൻ | മൂല്യനിർണ്ണയം - 123862<br>GST (5%) - 6193<br>130055<br>130000 (LimitedTS)<br>(-) IT (1%) - 1239<br>(-)Kcwf(1%) - 1239<br>കരാറുകാരന്<br>നൽകിയത്127522 | 121384 | 6138 |
| 8 | ഹോമിയോ ഡിസ്പൻസറി നവീകരണം (SO096/18)<br>MB-30/17-18<br>ബിൽ നം-58/28.3.18<br>മൂല്യനിർണ്ണയം - 336286<br>കരാർ-41/18.11.17 | ഇ.ഉണ്ണികൃഷ്ണൻ | മൂല്യനിർണ്ണയം – 320273<br>GST (5%) - 16013<br>336286<br>(-) IT (1%) - 3203<br>(-)Kcwf(1%) – 3203<br>കരാറുകാരന്<br>നൽകിയത് 329880 | 313867 | 16013 |
| 9 | വടമുക്ക് പകൽ വീട് നവീകരണം (SO096/18)<br>MB-153/17-18<br>ബിൽ നം-34/30.1.18<br>മൂല്യനിർണ്ണയം - 84799<br>കരാർ-28/10.11.17 | ബക്തവൽസലൻ | മൂല്യനിർണ്ണയം –80761<br>GST (5%) – 4038<br>84799<br>(-) IT (1%) - 808<br>(-)Kcwf(1%) - 808<br>കരാറുകാരന്<br>നൽകിയത് 83183 | 79145 | 4038 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ആകെ | | | | | 90830 |

കരാറുകാർക്ക് അധികം നൽകിയ തുക 90830 രൂപ. GST അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്ത പക്ഷം കരാറുകാരിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-5 112 ാം അംഗനവാടി കോമ്പൗണ്ട് വാൾ നിർമ്മാണം, സൈറ്റ് ലെവലിംഗ് - അപാകത - ഓഡിറ്റ് അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 11457 രൂപ അടവാക്കി

നിർവഹണ ഉദ്യോഗസ്ഥൻ - അസി.എഞ്ചിനീയർ

proj-SO128

കൺവീനർ - അബ്ദുള്ള.VP

MB – 158/16-17

മൂല്യ നിർണ്ണയം - 200000

ബിൽ - 16/18.8.17

112 ാം അംഗനവാടി കോമ്പൗണ്ട് വാൾ നിർമ്മാണം, സൈറ്റ് ലെവലിംഗ് എന്ന പ്രവത്തിയുടെ ഭാഗമായി സർവീസ് ടാക്സ് ഇനത്തിൽ 6% തുക 11457 രൂപ മൂല്യനിർണ്ണയത്തോടൊപ്പം കൂട്ടിയിട്ടാണ് പിൻവലിച്ചിട്ടുള്ളത്. എന്നാൽ സർവീസ് ടാക്സ് അടവാക്കിയതിന്റെ രേഖകൾ ഫയലിൽ നിന്നും ലഭ്യമായിട്ടില്ല. ആയത് അടവാക്കിയതിന്റെ വിവരം ലഭ്യമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നൽകിയതിന്റെ അടിസ്ഥാനത്തിൽ 118110102170/1.8.18 രസീത് പ്രകാരം തുക അടവാക്കി. സർവ്വീസ് ടാക്സ് ബന്ധപ്പെട്ട ഹെഡിൽ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-6 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വെച്ചിട്ടില്ല.

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. 2017-18 വർഷത്തിൽ കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിന് നഷ്ടം 1866 രൂപ. ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ ഭാവിയിൽ നിർവഹണം നടത്തുന്ന പ്രവൃത്തികളിൽ കളക്ഷൻ ചാർജ് ഈടാക്കുന്നതാണെന്ന് അറിയിച്ചു. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 കുണ്ടംകുഴി കോൾപടവിന് പവർടില്ലറും മോട്ടോറും-പദ്ധതി അപാകതകൾ

പ്രോജക്റ്റ് നം.185/18

വകയിരുത്തിയ തുക&

ചെലവഴിച്ച തുക -ബിൽ നം. 15/17-18 dt.15.03.18 -165614/-

ചെക്ക് നം.തി-2494392/28.03.18 - 18403/-(ഗു.വിഹിതം)

ആകെ -184017/-

കുണ്ടംകുഴി കോൾപടവിന് വേണ്ടി മേൽ പദ്ധതി പ്രകാരം ഒരു പവർ ടില്ലറും ,1.5HP മോട്ടോർ 2 എണ്ണവും,അനുബന്ധ ഉപകരണങ്ങളും ഇൻവോയ്സ് നം. EDPL/641/17-18/26.02.18 പ്രകാരം റെയ്ഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട് .എന്നാൽ നാളിതു വരെ കോൾ പടവിന് കൈമാറിയിട്ടില്ല.

അപാകതകൾ

1)രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

2)നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന കൃഷി ഓഫീസറുടെ റിപ്പോർട്ടില്ല.

3)യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുന്നുവെന്നും ,പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളൂവെന്നും,20%കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാമെന്നും ,സംരക്ഷണചെലവ് സമിതി വഹിക്കാമെന്നും വ്യവസ്ഥ ചെയ്തു കൊണ്ട് എഗ്രിമെന്റ് വെക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഉപകരണം കൈമാറേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

4)ഉപകരണം കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്നും,ലോഗ് ബുക്ക് , മെയിന്റനൻസ് ബുക്ക് എന്നിവ സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 തരിശ് നെൽകൃഷി -സബ്സിഡി അധികം നൽകി

നിർവ്വഹണോദ്യോഗസ്ഥൻ -കൃഷി ഓഫീസർ.

പ്രോജക്റ്റ് നം. 187/18

ബിൽ നം.തി- 16/17-18 dt.15.03.18 തുക 87500/-

മേൽ പ്രോജക്റ്റ് പ്രകാരം തരിശ് ഭൂമിയിൽ കൃഷി ചെയ്തതിന് നാല് ഗുണഭോക്താക്കൾക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ ഏകദേശം 77 ഹെക്ടർ തരിശ് ഭൂമിയുണ്ടെങ്കിലും ആകെ 3.5 ഹെക്ടർ സ്ഥലം മാത്രമാണ് തൻവർഷം കൃഷി ചെയ്തിട്ടുള്ളത് . തരിശ് ഭൂമി കൃഷി ചെയ്യുന്നതിന് ഫലപ്രദമായ ഇടപെടൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതാണ്.ജി.ഒ. (എം.എസ് )80/17/ത.സ്വ.ഭ.വ.തീയതി 03-04-2017 ഉത്തരവ് ഖണ്ഡിക 8.1 പ്രകാരം 2017-18 വർഷത്തേക്ക് ബാധകമായ സബ്സിഡി മാനദണ്ഡങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ആയത് പ്രകാരം അർഹമായതിലും അധികം തുക ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം | പേര് ,മേൽവിലാസം | സ്ഥല വിസ്തീർണ്ണം | അധികം നൽകിയത് | അർഹമായത് | നൽകിയ തുക |
|---|---|---|---|---|---|
| 1 | രഘുദാസ്.പിപള്ളത്ത് കാഞ്ഞിരമുക്ക് | 1.8ഹെക്ടർ | 15000/- | 30000 | 45000 |
| 2 | ശ്രീധരൻ.കെ.പി. കാരിയം പറമ്പിൽ വടമുക്ക് | 0.7ഹെക്ടർ | 5600 | 11900 | 17500 |
| 3 | അഷറഫ്,പള്ളത്ത് കാഞ്ഞിരമുക്ക്. | 0.4ഹെക്ടർ | 3200 | 6800 | 10000 |
| 4 | അലി പെരുമ്പിള്ളി കാഞ്ഞിരമുക്ക് | 0.6ഹെക്ടർ | 4800 | 10200 | 15000 |
| | ആകെ | | 28600 | | |

<u>അപാകതകൾ</u>

1)ശ്രീധരൻ കെ.പി.ഒഴികെ മറ്റു ഗുണഭോക്താക്കളാരും തന്നെ കൃഷി ചെലവ് വിവരങ്ങൾ അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ല.

2)ഒരു ഗുണഭോക്താവിന് നൽകാവുന്ന സബ്സിഡി ഒരു ഹെക്ടറിന് 17000/-രൂപ നിരക്കിൽ പരമാവധി സബ്സിഡി 30000/- രൂപയാണെന്നിരിക്കെ മേൽ ഗുണഭോക്താക്കൾക്ക് അധികം സബ്സിഡി നൽകിയിട്ടുണ്ട്.

3)അപേക്ഷകളിൽ കൃഷി ഓഫീസറുടെ റിപ്പോർട്ട്,അസിസ്റ്റന്റിന്റെ ശുപാർശ,എന്നിവയില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്. അധികം നൽകിയ തുക കൃഷി ഓഫീസറുടെ ബാധ്യതയായി കാണുന്നു.

## 3-9 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സബ്സിഡി- നടത്തിപ്പിലെ അപാകതകൾ

തൻ വർഷം വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥയായി 4 കുടുംബശ്രീ ഗ്രൂപ്പുകൾക്ക് രണ്ട് പ്രോജക്ടുകളിലായി 50000/- രൂപ വീതം 200000/- രൂപ നൽകിയിട്ടുണ്ട്.ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രോജക്റ്റിന്റെ പേര്/നം | ബിൽ നം .തി തുക | നൽകിയ ഗ്രൂപ്പിന്റെ പേര് |
|---|---|---|---|
| 1 | വനിത തയ്യൽ യൂണിറ്റ്/ s0028/18 | 15/28.03.18 50000/- | ദക്ഷിണ എൻ.എച്ച്.ജി തുറുവാണം |
| 2 | ,, | 03/17.01.18 50000/- | തുളസി എൻ.എച്ച്.ജി പനമ്പാട് |
| 3 | വനിത ഹോട്ടൽ& കാറ്ററിങ്ങ് യൂണിറ്റ് /s0017/18 | 13/09.03.18 50000/- | രുചി,എൻ.എച്ച്.ജി പരിച്ചകം മാറഞ്ചേരി |
| 4 | ,, | 05/17.01.18 50000/- | ശ്രീപ്രിയ.എൻ.എച്ച്.ജി പനമ്പാട് |

10 പേർ വീതമുള്ള സംഘങ്ങളായി രജിസ്റ്റർ ചെയ്ത നാല് ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകിയിട്ടുള്ളത്.മാറഞ്ചേരി റൂറൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് 100000/- രൂപ വായ്പയെടുത്താണ് സംരംഭം ആരംഭിച്ചിട്ടുള്ളത്. തുളസി.എൻ.എച്ച്.ജി പനമ്പാടിന്റെ വായ്പ പാസ് ബുക്ക് പരിശോധിച്ചതിൽ 100000/- രൂപ വായ്പയെടുത്തത് 5 അംഗങ്ങളുടെ പേരിലേക്ക് വീതിച്ച് നൽകുകയും 50000/- രൂപ സബ്സിഡി നൽകിയത് 5 പേരുടെ വായ്പ അക്കൌണ്ടിലേക്ക് വരവ് വെക്കുകയുമാണ് ചെയ്തിട്ടുള്ളത്. 4 സംരംഭകർക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും 2 സംരംഭങ്ങളുടെ രേഖകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 10 പേരടങ്ങുന്ന യൂണിറ്റായി ആരംഭിച്ചെങ്കിലും 5പേരുടെ അക്കൌണ്ടിലേക്ക് മാത്രമാണ് വായ്പ വിഭജിച്ച് നൽകിയിട്ടുള്ളത്.സബ്സിഡി മാർഗ്ഗ രേഖ പ്രകാരം സംഘം ഒരു യൂണിറ്റായി പ്രവർത്തിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല. മറ്റു മൂന്നു ഗ്രൂപ്പുകളുടെ വായ്പ പാസ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. നൽകിയ സബ്സിഡി വരവിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 3-10 പത്താംതരം തുല്യത പരീക്ഷ – പദ്ധതിയുടെ തുടർ മോണിറ്ററിംഗ് നടത്തിയിട്ടില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് | 39/18 |
| ചെലവ് | 74000 |
| ചെക്ക് നം | 2494377/15.3.18 |

പത്താംതരം തുല്യത പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ താഴെ പറയും പ്രകാരം 40 ഗുണഭോക്താക്കൾക്കുള്ള തുക 74000 രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പ്രൊജക്ട് പ്രകാരം വകയിരുത്തിയ ഗുണഭോക്തൃ വിഹിതം 100 രൂപ വച്ച് ഗുണഭോക്താക്കളിൽ നിന്നും പിരിച്ചെടുത്തിട്ടുണ്ട്.

| | | |
|---|---|---|
| പ്ലാൻ വിഹിതം | 40x1750 | 70000 |
| ഗുണഭോക്തൃ വിഹിതം | 40x100 | 4000 (രസീത് നം 117110107794/28.2.18) |

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി തുക സാക്ഷരതാ മിഷന് അടവാക്കിയതല്ലാതെ ഗുണഭോക്താക്കൾ അവരുടെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് സാക്ഷരതാ പ്രേരക് മാരുടെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. പഠിതാക്കൾക്ക് 3 വർഷക്കാലം ഈ അവസരം ഉപയോഗിക്കാമെന്നിരിക്കെ തുടർ മോണിറ്ററിംഗുകൾ നടത്തിയതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മോണിറ്ററിംഗ് ഫലപ്രദമായി നടക്കേണ്ടതാണ്.

## 3-11 പന്ത്രണ്ടാം തരം തുല്യത പരീക്ഷ – പദ്ധതി അപാകത

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ |
| പ്രൊജക്ട് | 40/18 |
| ചെലവ് | 42900 |
| ബിൽ നം | 6/15.3.18 (31200)<br>10/31.3.18 (11700) (Queue bill) |

പന്ത്രണ്ടാം തരം തുല്യത പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, കോഴ്സ് ഫീസ് എന്നീ ഇനങ്ങളിൽ താഴെ പറയും പ്രകാരം 22 ഗുണഭോക്താക്കൾക്കുള്ള തുക 42900 രൂപ സാക്ഷരതാ മിഷന് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

പ്രൊജക്ട് പ്രകാരം സാക്ഷരതാ മിഷന് തുക അനുവദിക്കാവുന്നത്

| | | |
|---|---|---|
| പ്ലാൻ വിഹിതം | 22x1850 | 40700 |
| ഗുണഭോക്തൃ വിഹിതം | 22x100 | 2200 |

1. പ്രൊജക്ട് പ്രകാരം വകയിരുത്തിയ ഗുണഭോക്തൃ വിഹിതത്തിൽ 16ഗുണഭോക്താക്കളിൽ നിന്നും 100 രൂപ വച്ച് പിരിച്ചെടുത്ത 1600 രൂപ നിർവഹണ ഉദ്യോഗസ്ഥൻ 117110107794/28.2.18 രസീത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 16 പഠിതാക്കളുടെ ഫീസിനത്തിൽ പ്ലാൻ വിഹിതം 29600 രൂപയും തനത് ഫണ്ടിൽ നിന്നും 1600 രൂപയും നൽകുന്നതിന് പകരം പ്ളാൻ ഫണ്ടിൽ നിന്നും 31200 രൂപ മുഴുവനായി പിൻവലിച്ചു. പ്ലാൻ ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ പിൻവലിച്ചത് 1600 രൂപ.

2. 6 ഗുണഭോക്താക്കളിൽ നിന്നും ഗുണഭോക്തൃ വിഹിതമിനത്തിൽ തുക പിരിച്ചെടുത്തിട്ടില്ല. 11700 രൂപ (6x1950) പ്ളാൻ ഫണ്ടിൽ നിന്നും മുഴുവനായി പിൻവലിച്ചു. പ്ലാൻ ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ പിൻവലിച്ചത് 600 രൂപ.

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി തുക സാക്ഷരതാ മിഷന് അടവാക്കിയതല്ലാതെ ഗുണഭോക്താക്കൾ അവരുടെ അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തുന്നത് സംബന്ധിച്ച് സാക്ഷരതാ പ്രേരക് മാരുടെ മോണിറ്ററിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥന് കൈമാറിയിട്ടുണ്ടോ എന്ന് അറിയിക്കേണ്ടതാണ്. പഠിതാക്കൾക്ക് 3 വർഷക്കാലം ഈ അവസരം ഉപയോഗിക്കാമെന്നിരിക്കെ തുടർ മോണിറ്ററിംഗുകൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ നടത്തേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ10/17-07-2018) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ വിശദീകരണം നൽകേണ്ടതാണ്.

## 3-12 വടമുക്ക് സബ്സെന്റർ നവീകരണം - ആസൂത്രണത്തിൽ പിഴവ് - വികസന സ്റ്റാന്റിംഗ്

**കമ്മിറ്റിയുടെ ഇടപെടൽ ഫലപ്രദമല്ല.**

പ്രൊജക്ട് – (SO095/18)

MB-82,85/17-18

ബിൽ നം-39/23.2.18

മൂല്യനിർണ്ണയം - 372295

കരാർ-24/9.11.17

കരാറുകാരൻ: ഒ.ഖാലിദ്

വടമുക്ക് സബ്സെന്റർ നവീകരണം എന്ന പ്രവൃത്തിയിൽ കെട്ടിടത്തിന്റെ റൂഫിംഗ് വർക്ക്, പെയിന്റിംഗ് , ഇന്റർലോക്ക് പതിക്കൽ എന്നീ ഇനങ്ങൾ ചെയ്തിട്ടുണ്ട്. സ്ഥല പരിശോധനയുടെ ഭാഗമായി കെട്ടിടം സന്ദർശിച്ചപ്പോൾ കെട്ടിടത്തിൽ ഇലക്ട്രിഫിക്കേഷൻ , പ്ലംബിംഗ് എന്നീ പ്രവൃത്തികൾ നടത്തിയിട്ടില്ലാത്തതിനാലും കുടിവെള്ള ടാങ്ക് സ്ഥാപിച്ചിട്ടില്ലാത്തതിനാലും കെട്ടിടം ഉപയോഗിക്കാൻ പറ്റാത്ത രീതിയിലാണെന്ന് ബോധ്യപ്പെട്ടു. കൂടാതെ ആൾ താമസം ഇല്ലാത്ത കെട്ടിടം ആയതിനാൽ ഉള്ളിൽ വവ്വാലുകൾ കടന്നു കൂടി കെട്ടിടത്തിന് ഉൾവശം വൃത്തിഹീനമായിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആവശ്യകത പരിഗണിച്ച് പ്രധാന ഇനങ്ങൾക്ക് എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെക്കാത്തതിനാലാണ് കെട്ടിടം നിലവിൽ ഉപയോഗ രഹിതമായി കിടക്കുന്ന അവസ്ഥയിലായത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇലക്ട്രിഫിക്കേഷൻ , പ്ലംബിംഗ് എന്നീ പ്രവൃത്തികൾക്കും ടാങ്ക് സ്ഥാപിക്കുന്നതിനും ആദ്യം തന്നെ എസ്റ്റിമേറ്റിൽ പ്രൊവിഷൻ വെക്കേണ്ടതായിരുന്നു. ഇന്റർലോക്ക് പതിക്കൽ എസ്റ്റിമേറ്റിൽ ഒരു അനാവശ്യ ഇനവും പിന്നീടുള്ള വർഷങ്ങളിൽ ചെയ്യാമായിരുന്ന പ്രവൃത്തിയുമായിരുന്നു. പ്രവൃത്തിയുടെ തുടർ മോണിറ്ററിംഗിൽ ഗ്രാമ പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് ഗുരുതരമായ അനാസ്ഥയുണ്ടായിട്ടുണ്ട്. കെട്ടിടത്തിൽ ബാക്കി പണികൾ ചെയ്യാനുണ്ടായിരിക്കേ 2018-19 വർഷത്തിൽ കെട്ടിടത്തിൽ തുടർ പ്രവൃത്തികൾ നടത്തുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടില്ല. പദ്ധതി ആസൂത്രണത്തിലും മോണിറ്ററിംഗിലും വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും ഗുരുതരമായ വീഴ്ച ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ട്. കെട്ടിടം ഉപയോഗയുക്തമാക്കുന്നതിനും ആസ്തി സംരക്ഷിക്കുന്നതിനും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ഇതിൻമേൽ ക്ഷണിക്കുന്നു.



## 3-13 പൊതു മരാമത്ത് പ്രവൃത്തികൾ - അവലോകനം

2017-18 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 78 പദ്ധതികൾ തയ്യാറാക്കിയെങ്കിലും 54 പ്രൊജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിഭാവനം ചെയ്ത പദ്ധതികളിൽ 69% പ്രൊജക്ടുകളാണ് തൻവർഷം പൂർത്തീകരിച്ചത്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകളിൽ 24 എണ്ണവും സ്പിൽ ഓവർ പ്രൊജക്ടുകളായിരുന്നു. എന്നാൽ അവയിൽ 4 പ്രൊജക്ടുകൾ ഈ വർഷവും നടപ്പിലാക്കിയിട്ടില്ല. സർക്കാരിൽ നിന്നും ഗ്രാമ പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭിച്ച ഗ്രാന്റ് തുകയിൽ വൻ തുക നഷ്ടപ്പെടുന്നതിനും പദ്ധതി നിർവ്വഹണത്തിലെ ഈ പിന്നാക്കാവസ്ഥ കാരണമായി. കൂടാതെ 2016-17 വർഷത്തിൽ ചെലവഴിക്കാനാവാത്ത തുക സർക്കാരിൽ നിന്നും സ്പിൽ ഓവർ ആയി 2017-18 വർഷത്തിൽ ലഭിക്കാതിരുന്നതും ഈ മേഖലയിൽ ചെലവ് കറയുന്നതിന് കാരണമായി.

ഗ്രാമ പഞ്ചായത്തിൽ 1അസിസ്റ്റന്റ് എഞ്ചിനീയറും 2ഓവർസിയറും അടക്കം ആകെ 3ജീവനക്കാർ മാത്രമാണ് ഓഡിറ്റ് വർഷത്തിൽ ഉണ്ടായിരുന്നത്.

പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്.

ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1) ചെയിനേജ് രേഖപ്പെടുത്താതെ റോഡ് പ്രവൃത്തികൾ നടത്തുന്നു.

2017-18 വർഷത്തിൽ പഞ്ചായത്തിൽ വളരെയധികം റോഡ് പ്രവൃത്തികൾ നടത്തിയിട്ടുണ്ടെങ്കിലും ഒരു പ്രവൃത്തിയിലും പ്രവൃത്തിനടത്തുന്ന റോഡിന്റെ ചെയിനേജ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല.

2) ടെണ്ടർ ഫോറത്തിന്റെ വില തിരിച്ച് ഈടാക്കുന്നില്ല

ഏതാനും മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടറുകൾ വഴിയാണ് സമർപ്പിച്ചിട്ടുള്ളത്. നിലവിൽ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ കിടക്കുകയാണ്. പഞ്ചായത്തിനു അർഹമായ ടെണ്ടർ ഫോറത്തിന്റെ വില, എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തു ഫണ്ടിൽ വരവ് വക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3) കളക്ഷൻ ചാർജ്

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതത്തിൽ നിന്നും ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. കളക്ഷൻ ചാർജ് ഈടാക്കി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടില്ല.

4) രേഖകളുടെ സൂക്ഷിപ്പ്

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ സൂക്ഷിക്കാൻ നിർദേശിച്ച താഴെ പറയുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ

ടെണ്ടർ ഷെഡ്യൂൾ വില്പന രജിസ്റ്റർ

ഇ.എം.ഡി രജിസ്റ്റർ

എസ്റ്റിമേറ്റ് രജിസ്റ്റർ

വെൽഫയർ ഫണ്ട് രജിസ്റ്റർ

കൂടാതെ ഓഫീസിൽ സൂക്ഷിച്ച ടെണ്ടർ രജിസ്റ്റർ, പ്രൊജക്ട് രജിസ്റ്റർ എന്നിവയിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ല.

5).റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ

പ്രൊജക്റ്റിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

രേഖകളുടെ സൂക്ഷിപ്പിലെ മറ്റ്അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മിക്ക മരാമത്ത് പ്രവൃത്തികളിലും പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല. കൂടാതെ നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് ഈടാക്കേണ്ട പിഴ സംബന്ധിച്ച് പുതുക്കിയ PWD മാന്വൽ പ്രകാരമുള്ള നിബന്ധനകളും കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല.പ്രവൃത്തി പൂർത്തീകരണ സമയം വ്യക്തമാക്കാതെയും , കരാറിൽ പിഴ സംബന്ധിച്ച വ്യവസ്ഥകൾ ശരിയായി ഉൾപ്പെടുത്താതെയും കരാർ ചമച്ചത് ശരിയല്ല. ഭാവിയിൽ ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതാണ്.വിവിധ മരാമത്ത് പ്രവൃത്തികൾക്കായി കരാറുകാർ സമർപ്പിക്കുന്ന ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവയുടെ വിവരം രേഖപ്പെടുത്തിയ രജിസ്റ്റർ എഴുതി തയ്യാറാക്കാത്തതിനാൽ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടവ്, തിരിച്ച നൽകൽ എന്നിവ പരിശോധിക്കാൻ സാധിക്കുന്നില്ല.

## 3-14 മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ നടത്തിപ്പിലെ പോരായ്മകൾ




ഗ്രന്ഥശാലകൾ മാനവ സംസ്കൃതിയുടെ നെടുന്തൂണുകളിലൊന്നായിട്ടാണ് അറിയപ്പെടുന്നത്. ഗ്രാമ പഞ്ചായത്തിന്റെ കീഴിലെ ഏക ഗ്രന്ഥാലയമാണ് പഞ്ചായത്ത് കെട്ടിടത്തിൽ തന്നെ പ്രവർത്തിക്കുന്ന മാറഞ്ചേരി പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം. പഞ്ചായത്തിൽ പാർട് ടൈം ലൈബ്രേറിയൻ തസ്തിക നിലവിലുണ്ട്. ഈ സ്ഥാപനത്തിന് കേരള ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ നിലവിലില്ല. വിദ്യാഭ്യാസം മേഖല അടിസ്ഥാനമാക്കിയുള്ള ഗ്രാമ പഞ്ചായത്തിന്റെ പ്രധാന ചുമതലയാണ് വായന ശാലകളുടേയും , ഗ്രന്ഥശാലകളുടേയും നടത്തിപ്പും പ്രോത്സഹനവും. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി വായനശാലയുടെ നഷ്ടപ്പെട്ട അഫിലിയേഷൻ തിരിച്ച് കിട്ടുന്നതിനും ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കുന്നതിനുമുള്ള നടപടികൾ യാതൊന്നും കൈകൊള്ളുന്നില്ല

എന്ന് മിനട്സ് പരിശോധിച്ചതിൽ നിന്ന് വ്യകതമാകുന്നു. 08.12.2015 ൽ 13-ാം നമ്പർ തീരുമാനമായി *മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് തല ലൈബ്രറി പ്രവർത്തനം അവലോകനം ചെയ്യുന്നതിനുള്ള യോഗം വിളിച്ചു ചേർക്കുന്നതിനും ലൈബ്രറി പ്രവർത്തനം കൂടുതൽ ജനങ്ങളിലേക്ക് എത്തുന്നതിനുള്ള ആശയങ്ങൾ ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചതായി* രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തുടർനടപടി വിവരം ലഭ്യമല്ല.

പഞ്ചായത്തിന്റെ വിദ്യാഭ്യാസം , കലയും സംസ്കാരവും, യുവജനകാര്യം വർക്കിംഗ് കമ്മിറ്റി മിനട്സിൽ 28.01.2017 ലെ തീരുമാന പ്രകാരം പഞ്ചായത്ത് ലൈബ്രറിയുടെ പ്രവർത്തനം ആധുനിക വൽകരിക്കുന്നതിനും ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനു ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും നിർദ്ദേശമുണ്ട്. 16.01.2018, 22.01.2018 എന്നീ തിയതികളിലും ഇതേ നിർദ്ദേശം വന്നിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നടപ്പിലാക്കിയ പ്രോജക്ടിൽ (പഞ്ചായത്ത് ലൈബ്രറിക്ക് പുസ്തകങ്ങൾ വാങ്ങൽ /നം:S0094/17) തനതു ഫണ്ടുപയോഗിച്ച് 50,000 രൂപയുടെ പുസ്തകങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. 2017-18 ൽ ക്വട്ടേഷൻ വിളിച്ച് PHILTECH LIBRARY SERVICES ൽ നിന്നും 6290 രൂപക്ക് (കണ്ടിജന്റ് ബിൽ നമ്പർ 51700522 തി: 27.10.2017) ലൈബ്രറിക്ക് Borrowers Card+Pouch 300 എണ്ണവും , Book Pocket, Book card pink എന്നിവ 4000 എണ്ണവും വാങ്ങി നൽകിയിട്ടുണ്ട്.

1. പാർട്ട് ടൈം ലൈബ്രേറിയൻ ശമ്പള - ബോണസ് ഇനത്തിൽ 2015-16 ൽ 152,763 രൂപയും 2016-17 ൽ 1,91,864 രൂപയും 2017-18 ൽ 2,01,526 രൂപയും ലൈബ്രറി നടത്തിപ്പിനു വേണ്ടിയുള്ള ചെലവ് ഇനത്തിൽ വന്നിട്ടുണ്ട്.

ലൈബ്രറി അംഗത്വ ഫീ ഉൾപ്പെടെ 2015-16 ൽ 1056 രൂപയും 2016-17 ൽ യാതൊന്നും പിരിച്ചെടുത്തിട്ടില്ല, 2017-18 ൽ 4224 രൂപയുമാണ് വന്നിട്ടുള്ളത്. പണം പിരിച്ചെടുത്തത് എഴുതി സൂക്ഷിക്കുന്ന നാൾവഴി രജിസ്റ്ററിൽ ഓരോ വർഷവും ലഭിച്ച വരവ് തുകയുടെ സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 2016-17 ൽ പിരിച്ചെടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 11/28.07.2018)ക്കുള്ള മറുപടിയിൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

2. ഗ്രന്ഥ വിവരപ്പുസ്തകത്തിൽ (സ്റ്റോക്ക് രജിസ്റ്റർ) 3056 പുസ്തകങ്ങളുടെ വിവരമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിലെ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ടിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. സ്റ്റോക്ക് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. പുസ്തകങ്ങൾ അതിന്റെ Accession Register (സ്റ്റോക്ക് രജിസ്റ്റർ) രേഖപ്പെടുത്തിയിരിക്കുന്നത് ശരിയായ രീതിയിലല്ല. ടി രജിസ്റ്ററിൽ പുസ്തക നമ്പറും , ഗ്രന്ഥ കർത്താവിന്റെ പേരും മാത്രേമേ രേഖപ്പെടുത്തിയിട്ടുള്ളൂ.എന്നാൽ പ്രസിദ്ധീകരിച്ച വർഷം , അച്ചടിച്ച സ്ഥലം , അച്ചടിച്ച തിയ്യതി , ISBN നമ്പർ (ലഭ്യമാണെങ്കിൽ) , പുസ്തകത്തിന്റെ വില എന്നിവ കൂടി ടി രജസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 11/28.07.2018) തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

3. വിതരണ രജിസ്റ്റർ (Issue Register) പ്രകാരം 65 പുസ്തകങ്ങൾ തിരിച്ച് കിട്ടാനുണ്ട്. ഇഷ്യു രജിസ്റ്ററിലെ സർട്ടിഫിക്കേറ്റ് ഓഫ് കൗണ്ടിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. 15 ദിവസമാണ് പുസ്തകം കൈവശം വെക്കാവുന്ന കാലപരിധി നിശ്ചയിച്ചിട്ടുള്ളത്. പുസ്തകങ്ങൾ തിരിച്ചു കിട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം 11/28.07.2018)ക്ക് തുടർനടപടി സ്വീകരിക്കുമെന്ന് അറിയിച്ചു.

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് ലൈബ്രറിയുടെ നിലവിലെ പ്രവർത്തനം തൃപ്തികരമല്ല. സ്വന്തമായ കെട്ടിടം ഉണ്ടായിട്ടു പോലും അതിനു വേണ്ടി നടത്തിപ്പു കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ലൈബ്രറിക്ക് അകത്ത് റീഡിംഗിനു വേണ്ടത്ര സൗകര്യം ഒരുക്കിയിട്ടില്ല. ആകെ ഒരു മേശ മാത്രമാണുള്ളത്. ഗ്രന്ഥാലയത്തിലേക്കു കയറുന്ന ഹാൾ ലൈബ്രറിക്കായി പ്രയോജനപ്പെടുത്തിയിട്ടില്ല. ലൈബ്രറിക്കായി നേരിട്ട് പുറത്തു നിന്ന് പ്രവേശന കവാടം ഒരുക്കിയിട്ടില്ല.

2011 ൽ തയ്യാറാക്കിയ അംഗത്വ രജിസ്റ്റർ പ്രകാരം 183 അംഗങ്ങളാണുള്ളത് (2017-18 ൽ 40 പേർ പുതുതായി ചേർന്നിട്ടുണ്ട്). എന്നാൽ സജീവമായി ഏതാനും പേര് മാത്രമാണുള്ളത്. ലൈബ്രറി അതിന്റെ പ്രവർത്തനം ഉച്ചക്ക് ശേഷം 2 മുതൽ 5 വരെയാണ്. നിലവിൽ പുതിയ അംഗത്തെ പ്രവേശിപ്പിക്കുന്ന സമയത്ത് Admission fee ഇനത്തിൽ 2 രൂപയും, കരുതൽ നിക്ഷേപം (Caution Deposit) ഇനത്തിൽ 40 രൂപയുമാണ് ഈടാക്കുന്നത്. മാസ വരിസംഖ്യ 2 രൂപയുമാണ്. ലൈബ്രറി ഫീസ് നിരക്കുകൾ കാലോചിതമായി പരിഷ്കരിച്ച് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ തിരിച്ച് പിടിക്കേണ്ടതാണ്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ അഫിലിയേഷൻ ഉണ്ടായിരുന്നത് പ്രവർത്തന മികവ് ഇല്ലാത്തതിനാൽ നഷ്ടപ്പെട്ടിരിക്കുകയാണ്.ആയത് പുനസ്ഥാപിക്കാൻ പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. ആരോഗ്യ

-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി തുടർപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച് മാറഞ്ചേരി പഞ്ചായത്ത് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനങ്ങൾ ആധുനിക വൽകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ- പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ 126/17-18 വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന പ്രൊജക്ടിൽ 5 വാർഡുകളിലായി 9 ഇടങ്ങളിൽ കുടി വെള്ള പൈപ്പ് ലൈൻ നീട്ടുന്നതിനായി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 6 ലക്ഷം രൂപ ട്രഷറി ബിൽ നമ്പർ 23/16-1-18 പ്രകാരം കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ എടപ്പാളിന് നല്കിയിട്ടുണ്ട്.വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 24-05-2017 ലെ 1-ാം നമ്പർ തീരുമാന പ്രകാരം ശുപാർശ ചെയ്ത് 29-05-2017 ലെ 1-ാം നമ്പർ തീരുമാനത്തിൽ ഭരണാനുമതിയും ലഭിച്ച് നടപ്പാക്കിയ പ്രൊജക്ടിൽ 26-12-17 ന് എസ്റ്റിമേറ്റ് പ്രകാരമുള്ള പണം ഡെപ്പോസിറ്റ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടു.പണം നൽകി രണ്ടര മാസത്തിനു ശേഷം 28-3-18 ന് എഗ്രിമെന്റ് വെക്കുന്നതിനും പ്രവൃത്തി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കുന്നതിനും കത്ത് നല്കി.30-6-18 ന് മാത്രമാണ് പ്രവൃത്തിക്കായി വാട്ടർ അതോറിട്ടിയുമായി കരാർ വച്ചത്.പ്രസ്തുത പ്രവൃത്തിക്ക് നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെടുന്നതിനു മുമ്പായി തന്നെ പണം കൈമാറി.നാളിതുവരെ എക്സ്റ്റൻഷൻ നടപടികൾ ആരംഭിച്ചതായി ഫയലിൽ ലഭ്യമല്ലാത്തതിന്റെ അടിസ്ഥാനത്തിൽ നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 10/24-07-2018) ജീവനക്കാരുടെ കുറവ് കാരണമാണ് തുടർ പ്രവൃത്തി വൈകുന്നത് എന്ന് വാട്ടർ അതോറിട്ടിയിൽ നിന്നും അറിയിച്ചു എന്നാണ് സെക്രട്ടറി മറുപടി നൽകിയത്.ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതായും വർക്ക് ഓർഡർ നൽകിയതായും അറിയിച്ചു. പ്രവൃത്തി പൂർത്തീകരണ വിവരം ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

## 3-16 തെരുവ് വിളക്ക് -വാങ്ങലും അറ്റകുറ്റ പണികളും അപാകതകൾ

നിർവ്വഹണം: സെക്രട്ടറി

പ്രൊജക്ട് SO 32/18 തെരുവ് വിളക്ക് റിപ്പയർ എന്ന പേരിൽ നടപ്പാക്കിയ പ്രൊജക്ടിൽ നിലവിലുള്ള തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിയും പുതിയ തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രൊജക്ട് പ്രകാരം 9,97,730 രൂപ ചെലവഴിച്ചിട്ടുണ്ട്.(ട്രഷറി ബിൽ 47/31-3-2018 )

1. 786 തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്ക് പവർകിംഗ് സൊലൂഷൻസ് കാലിക്കറ്റ് നൽകിയ 3,58,680 രൂപയുടെ ബില്ലിൽ ശ്രീ. ഗണേശൻ.കെ എന്നയാൾക്ക് 3,00,000 രൂപ നൽകിയത്.

2. 215 തെരുവ് വിളക്കുകളുടെ വിലയും ഇൻസ്റ്റലേഷൻ ചാർജ്ജും KREWS ന് നൽകിയത് - 6,97,730 രൂപ.

ഓരോ വാർഡിലും അറ്റകുറ്റപണി നടത്തിയതായി വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രവും അപേക്ഷയും പ്രകാരമാണ് അറ്റകുറ്റപണിയുടെ തുക നൽകിയിട്ടുള്ളത്.തെരുവ് വിളക്കുകളുടെ എണ്ണം, അറ്റകുറ്റപണി , പുതിയവ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് താഴെ പറയുന്ന പൊരുത്തക്കേടുകളും അപാകതകളും കാണുന്നു.

എ) കേരള പഞ്ചായത്ത് രാജ് നിയമം 215(15) അനുശാസിക്കും പ്രകാരമുള്ളതും 23-08-2018ന് അംഗീകരിച്ചതുമായ വാർഷിക റിപ്പോർട്ട് പ്രകാരം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

സാധാരണ ബൾബുകൾ - 17 എണ്ണം

സി.എഫ്.എൽ - 228 എണ്ണം

ഫ്ലൂറസെന്റ് ട്യൂബുകൾ - 427 എണ്ണം

ആകെ 672 എണ്ണം

എന്നാൽ അറ്റകുറ്റപണി നടത്തിയതായി കാണിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രം സഹിതം നൽകിയ അപേക്ഷയിൽ തെരുവ് വിളക്കുകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്

ട്യൂബ് ലൈറ്റുകൾ 207 എണ്ണം

14 W എൽ.ഇ.ഡി 563 എണ്ണം

9 W എൽ.ഇ.ഡി 16 എണ്ണം

ആകെ 786 എണ്ണം

തെരുവ് വിളക്കുകളുടെ എണ്ണം , ഇനം എന്നിവ വ്യക്തമാക്കുന്ന രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ഇത് സംബന്ധിച്ച ആധികാരിക വിവരം ലഭ്യമല്ല.

ബി) പുതുതായി വാങ്ങിയ 215 തെരുവ് വിളക്കുകളുടെ വിലയും ആയതിന് ആവശ്യമായ ഇൻസ്റ്റലേഷൻ ചാർജ്ജും KREWS ന് നൽകിയിട്ടുണ്ടെങ്കിലും തെരുവ് വിളക്കുകളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല.വാങ്ങിയ വിളക്കുകൾ സ്ഥാപിച്ചിതിന്റെ വിവരമോ ആയത് പ്രകാരം വൈദ്യുതി ചാർജിനുണ്ടായ മാറ്റം, സ്ഥാപനത്തിന്റെ സാക്ഷ്യപത്രം എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല.

സി) തെരുവ് വിളക്കുകളുടെ അറ്റകുറ്റപണി സംബന്ധിച്ച രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ഡി) അറ്റകുറ്റ പണി നിർവ്വഹിച്ച POWERKING Solutions എന്ന സ്ഥാപനത്തിന് നൽകിയ ബിൽ തുകയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല. തെരുവു വിളക്കുകളുടെ എണ്ണം പുതിയ വിളക്കുകൾ സ്ഥാപിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുന്നതുവരെ ചെലവ് തുക 997730/-രൂപ തടസ്സം ചെയ്യുന്നു.

അപാകതകൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

## 3-17 ആശ്രയ പദ്ധതി - പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നില്ല.

ആശ്രയ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം 10 ലക്ഷം രൂപ ആശ്രയ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രൊജക്ട് മുൻബാക്കി ഉൾപ്പെടെ ഓഡിറ്റ് വർഷം 16,89,806 രൂപ പദ്ധതി നടത്തിപ്പിനായി ലഭ്യമായിരുന്നു. 2017-18 വർഷം ചലഞ്ച് ഫണ്ടിനത്തിൽ 1,66,667 രൂപ 14-11-17 ന് ജില്ലാ മിഷനിൽ നിന്നും ലഭിച്ചു. ആകെ ചെലവ് താഴെ പറയും പ്രകാരമാണ്.

പദ്ധതി രൂപീകരണം - 14964 രൂപ

ഭക്ഷണ കിറ്റ് വിതരണം - തുടർ പ്രൊജക്ട് - 120832

ഭക്ഷണ കിറ്റ് വിതരണം-രണ്ടാം പ്രൊജക്ടിൽ - 36493.

16,50,013 രൂപ സാമ്പത്തിക വർഷാവസാനം ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

2017-18 ൽ ആശ്രയ അക്കൗണ്ടിലേക്ക് പണം കൈമാറിയെങ്കിലും പ്രൊജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങളൊന്നും നടന്നതായി കാണുന്നില്ല. ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതിന് നൽകിയ അന്വേഷണക്കുറിപ്പിന് 2017-18 വർഷത്തിൽ ആശ്രയപദ്ധതിക്കു പകരമായി അഗതിരഹിത കേരളം പദ്ധതി തയ്യാറാക്കി സമർപ്പിക്കാൻ കഴിഞ്ഞിട്ടില്ലെന്നും സർവ്വെ നടത്തി അർഹരായവരെ മാത്രം ഉൾപ്പെടുത്തി പുതിയ പ്രൊജക്ട് തയ്യാറാക്കി അംഗീകാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായും അറിയിച്ചു.

ആശ്രയ രണ്ടാം ഘട്ട പദ്ധതിക്ക് 2017 ജൂലായ് മാസത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിക്കായി വകയിരുത്തിയ തുക സി.ഡി.എസ് ചെയർ പേഴ്സന്റെ ആവശ്യപ്രകാരം കൈമാറിയിട്ടുണ്ടെങ്കിലും യാതൊരു പ്രവർത്തനങ്ങളും നടപ്പാക്കാത്തത് സ്റ്റാന്റിംഗ് കമ്മിറ്റി ഉൾപ്പെടെ ആരും തന്നെ പരിശോധനക്ക് വിധേയമാക്കുകയോ പരിഹാര നടപടികൾ പരിഗണിക്കുകയോ ചെയ്തിട്ടില്ല.ഗ്രാമ പഞ്ചായത്തിന്റെ വാർഷിക പദ്ധതി അടങ്കൽ ചെലവഴിച്ചതായി കാണിക്കുക മാത്രമാണ് ഉണ്ടായിട്ടുള്ളത്.

## 3-18 അംഗനവാടി അനുപൂരക പോഷകാഹാര പരിപാടി- അധികതുക നൽകിയത് ക്രമീകരിച്ചിട്ടില്ല

പ്രൊജക്ട് നമ്പർ 19/17-18 അനുപൂരക പോഷകാഹാര പരിപാടിയിൽ മാവേലി സ്റ്റോറിൽ നിന്നും ഭക്ഷ്യധാന്യം വാങ്ങിയതിന് 1,91,538 രൂപയുടെ ബിൽ നമ്പർ 1003107/17411 തിയ്യതി 16-03-18 പ്രകാരമുള്ള തുകയിൽ 1,30,033 രൂപ വികസന ഫണ്ടിൽ നിന്നും ട്രഷറി ബിൽ 9/20-3-18 ആയി മാറിയ 6,50,000 രൂപയിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. കേന്ദ്ര വിഹിതമായി ലഭിച്ച 1,30,033 രൂപയും മാവേലി സ്റ്റോറിലെ അതേ ബിൽ പ്രകാരമുള്ള തുകയായി നൽകിയിട്ടുണ്ട്. ബിൽ പ്രകാരമുള്ള ബാക്കി തുകയായ 61,505 രൂപയ്ക്ക് പകരം 1,30,033 രൂപ നൽകിയതു വഴി 68,528 രൂപ അധികം നൽകിയതു തിരികെ ഈടാക്കുകയോ തുടർ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ക്രമീകരിച്ച വിവരം റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 3-19 മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണത്തിലെ അപാകതകൾ- സംബന്ധിച്ച്.

2017-18 സാമ്പത്തിക വർഷം ആയുർവേദം മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 മരുന്നുകൾ ലഭ്യമായില്ല (ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ)

2017-18 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് എന്ന പ്രോജക്ടിൽ (പ്രൊജക്ട് നം 45/18 ) മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന കേരള സ്റ്റേറ്റ് ഹോമിയോപതിക്ക് കോപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ-ക്ക് ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| (SO045/18 )<br>ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3,00,000 | 05/2017-18 / തി 12-12-2017<br>₹ 3,00,000 (വികസന ഫണ്ട് -പൊതുവിഭാഗം) |

(എ) NEFT മുഖേന ട്രാൻസ്ഫർ ചെയ്ത 3,00,000 രൂപ 13.12.2017 ന് കിട്ടിയതിന്റെ രസീതി (നം:4126 തി 10.01.2018) അയച്ചു തന്നു എങ്കിലും നാളിതു വരെ യാതൊരു മരുന്നുകളും ഡിസ്പൻസറിക്ക് ലഭ്യമായിട്ടില്ല.

(ബി) ഹോംകോയിൽ നിന്നും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനായി യാതൊരു കരാറിലും ഏർപ്പെട്ടതായും കാണുന്നില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

മേൽ വിഷയത്തിൽ ആരോഗ്യ – വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

(സി) മരുന്നുകൾ ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ ലഭ്യമല്ല എന്നുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

2.സബ്സിഡിയറി രജിസ്റ്റർ പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം എന്നാൽ ക്യാഷ് ബുക്ക് പരിശോധനക്ക് ഹാജരാക്കിയെങ്കിലും സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(03/20.07.2018) മരുന്ന് ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കുമെന്നും എൻ.എ.സി ലഭ്യമാക്കാമെന്നും രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാമെന്നും അറിയിച്ചു. മരുന്നുകൾ ലഭ്യമാകും വരെ ചെലവ് തുക 3,00,000 രൂപ തടസ്സം ചെയ്യുന്നു. ആരോഗ്യ – വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-20 മെഡിക്കൽ ഓഫീസർ (അലോപതി) നിർവഹണത്തിലെ അപാകതകൾ - സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷം അലോപതി മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകളിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1 പരിരക്ഷ – മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണത്തിനു വേണ്ടി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖ (സ.ഉ(ആർ.ടി) 3217/15/ത.സ്വ.ഭ.വ തിയതി 29-10-2015) യിലെ പല നിർദ്ദേശങ്ങളും മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തുന്ന പരിരക്ഷ -

പാലിയേറ്റീവ് (പ്രോജക്റ്റ് നമ്പർ S010/18') പാലിച്ചിട്ടില്ല.

1) മാർഗ്ഗരേഖ 2.3 ൽ സൂചിപ്പിച്ച പ്രകാരം ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) ഓരോ വർഷാരംഭത്തിന് മുമ്പ് ഗ്രാമ പഞ്ചായത്ത് രൂപീകരിക്കേണ്ടതും പ്രസ്തുത കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണം യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങളെ വിലയിരുത്തേണ്ടതാണ്.

എന്നാൽ പി എം സി മിനുട്സ് പരിശോധിച്ചതിൽ 26.02.2014ന് ശേഷം മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടില്ല. ഓരോ വർഷാരംഭത്തിലും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി എം സി) രൂപീകരിച്ചതിന്റെ വിവരം മിനുട്സിൽ ഇല്ല.

2. മാർഗ്ഗരേഖ 2.4 ൽ സൂചിപ്പിച്ച പ്രകാരം പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായും സുഗമമായും മുന്നോട്ട് പോകുന്നതിനായി ഒരു പാലിയേറ്റീവ് നിർവ്വഹണ കമ്മറ്റിയും (പി.ഐ.സി) രൂപീകരിക്കേണ്ടതുണ്ട്. എല്ലാ മാസവും 5ാം തിയതിക്ക് മുമ്പായി ഈ കമ്മിറ്റി യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. എന്നാൽ പി.ഐ.സി മിനുട്സിൽ സൂക്ഷിക്കുന്നില്ല.

ഓഡിറ്റിന് ഹാജരാക്കിയ പരിരക്ഷാ അവലോകന യോഗത്തിന്റെ മിനുട്സിൽ 2017-18 ൽ ആകെ 4 തവണ മാത്രമാണ് (26.04.2017, 07.10.2017, 10.11.2017, 08.12.2017) പരിരക്ഷാ അവലോകനം നടത്തിയത്

3) മാർഗ്ഗരേഖ 2.5 പ്രാഥമിക പാലിയേറ്റീവ് സേവനം ലഭ്യമാക്കേണ്ടവരുടെ രജിസ്ട്രേഷൻ - ഉപ ഭാഗം 2.5.6 പ്രകാരം "' *ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനകം നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. തുടർന്ന് രജിസ്റ്ററിൽ കാലാകാലങ്ങളിൽ വരുന്ന കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുകളും അതാത് സമയത്ത് വെബ്സൈറ്റിലുള്ള ലിസ്ററിലും മാറ്റം വരുത്തേണ്ടതാണ്. വെബ്സൈറ്റിൽ ലിസ്ററ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റീവ് കെയർ പ്രോജക്ടിൽ നിന്ന് ഈ ഉത്തരവ് പ്രസിദ്ധീകരിച്ച് 60 ദിവസത്തിനു ശേഷം തുക ചിലവഴിക്കാൻ പാടില്ല." എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നാളിതു വരെ *നോമിനൽ രജിസ്ററിൽ ഉൾപ്പെട്ടിരിക്കുന്ന* രോഗികളുടെ പേരുവിവരം മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ വെബ്സൈറ്റിൽ http://lsgkerala.in/maranchrypanchayat/ പ്രസിദ്ധീകരിച്ചിട്ടില്ല

4) മാർഗ്ഗരേഖ 2.6.3-(7) പ്രകാരം ഓരോ ദിവസവും ഗൃഹസന്ദർശനം നടന്നു കഴിഞ്ഞാൽ അന്നുതന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ അനുബന്ധം 3 നെ അടിസ്ഥാനമാക്കിയുള്ള ഓൺലൈൻ റിപ്പോർട്ട് പാലിയേറ്റീവ് കെയർ നഴ്സ് കംപ്യൂട്ടർ സോഫ്റ്റ്വെയർ മുഖേന അപ്‌ലോഡ് ചെയ്യേണ്ടതാണ്. *അതിനാവശ്യമായ ഓൺലൈൻ സംവിധാനം ഐ.കെ.എം ലഭ്യമാക്കുന്നതാണ്.* എന്നാൽ നാളിതു വരെ ആയത് ചെയ്യുന്നില്ല

5. ഭക്ഷണം, നഴ്സിനുള്ള ഓണറേറിയം, വാഹന വാടക മുതലായ ചെലവുകളുടെ പെയ്മെന്റ് കൃത്യമായി നൽകേണ്ടത് ഹോം കെയറിന്റെ വിജയത്തിന് അത്യാവശ്യമാണ്. ഓരോ മാസത്തെയും ഇത്തരം പെയ്മെന്റുകൾ അടുത്ത മാസം 10-)ാം തിയതിക്കു മുമ്പായി നിർബന്ധമായും നൽകേണ്ടതാണ്. എന്നാൽ പെയ്മെന്റുകൾ നൽകുന്നതിൽ വീഴ്ച ഉണ്ടാവുന്നു.

6. മാർഗ്ഗരേഖ 2.6.3-(6) പ്രകാരം ഓരോ ദിവസത്തേയും ഹോം കെയർ നടന്നു കഴിഞ്ഞാൽ തൊട്ടടുത്ത ദിവസം ഗൃഹസന്ദർശന വിവരങ്ങൾ രേഖപ്പെടുത്തിയ അനുബന്ധം 3 പ്രകാരമുള്ള ഫോറവും ഹോംകെയർ റിപ്പോർട്ട് ബുക്കും പാലിയേറ്റീവ് കെയർ നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങിക്കേണ്ടതാണ്. ആയത് ചെയ്യുന്നതിൽ വീഴ്ചയുണ്ടാകുന്നുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് വ്യക്തമായി.

7. മാർഗ്ഗരേഖ 2.6.2 പ്രകാരം ദൈനം ദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണ രീതി അവരുടെ വീട്ടുകളിൽ ചെന്ന് പഠിപ്പിച്ച് കൊടുക്കുവാനും ആവശ്യമായ തുടർ പരിചരണം ചെയ്തു കൊടുക്കാനുമായി ഹോം കെയർ സംവിധാനം രാവിലെ 9.30 മുതൽ ആരംഭിച്ച് വൈകുന്നേരം 4.30 വരെ തദ്ദേശ ഭരണ സ്ഥാപന പരിധിയിൽ , കൂടുതൽ പരിചരണം ആവശ്യമുള്ള 8 രോഗികളെയെങ്കിലും ഒരു ദിവസം സന്ദർശിക്കേണ്ടതും ആഴ്ചയിൽ 4 ൽ കുറയാതെയുള്ള ഹോം കെയർ ദിനങ്ങൾ (മാസത്തിൽ 16) വരുന്ന രീതിയിലാണ് ഹോം കെയർ ആസൂത്രണം ചെയ്യേണ്ടതുമാണ്

എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ മാസത്തിൽ 16 ദിവസം ഹോം കെയർ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട് എന്ന് ഹോം കെയർ രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് ബോധ്യപ്പെട്ടു.

| ക്ര.ന | മാസം | ഹോം കെയർ ദിനങ്ങൾ | കുറവ് |
|---|---|---|---|
| 1 | ഏപ്രിൽ | 14 | 2 |

| | | | |
|---|---|---|---|
| 2 | മെയ് | 14 | 2 |
| 3 | ജൂൺ | 14 | 2 |
| 4 | ജൂലൈ | 16 | 0 |
| 5 | ആഗസ്റ്റ് | 12 | 4 |
| 6 | സെപ്റ്റംബർ | 13 | 3 |
| 7 | ഒക്ടോബർ | 15 | 1 |
| 8 | നവംബർ | 17 | 0 |
| 9 | ഡിസംബർ | 11 | 5 |
| 10 | ജനവരി | 15 | 1 |
| 11 | ഫെബ്രുവരി | 15 | 1 |
| 12 | മാർച്ച് | 16 | 0 |
| | ആകെ | 172 | 21 |

2.സബ്സിഡിയറി രജിസ്റ്റർ പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല

സ.ഉ (അ) 177/2006 ധന.തിയ്യതി 12.04.2006 18.3 പ്രകാരം നിർവഹണ ഉദ്യോഗസ്ഥൻ ടി ആർ 7 A ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റേയും പഞ്ചായത്തിൽ നിന്നുള്ള ഫണ്ടിന്റേയും വരവുചെലവു രേഖപ്പെടുത്തണം കൂടാതെ ത.സ്വ.ഭവ ഫണ്ട് വരവ് ചെലവ് പ്രത്യേകം രേഖപ്പെടുത്തുന്ന സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV), പ്രോജക്ട് രജിസ്റ്റർ എന്നിവയും സൂക്ഷിക്കണം. മെഡിക്കൽ ഓഫീസർ ഒരേ സമയം 2 ടി ആർ 7 A ക്യാഷ് ബുക്ക് സൂക്ഷിക്കുന്നുണ്ട്, ആയത് ക്രമ പ്രകാരമല്ല. ഒരു സ്ഥാപനത്തിന് ഒരു ക്യാഷ് ബുക്ക് മാത്രമേ സൂക്ഷിക്കാൻ പാടുള്ളൂ. അതിൽ തന്നെയാണ് പഞ്ചായത്ത് ഫണ്ടിന്റെ വരവ് -ചെലവ് കണക്കുകൾ സൂക്ഷിക്കേണ്ടത്. പഞ്ചായത്ത് ഫണ്ട് വരവ്-ചെലവ് മാത്രം രേഖപ്പെടുത്തുവാൻ സബ്സിഡിയറി രജിസ്റ്റർ (അനുബന്ധം ബി IV) സൂക്ഷിക്കേണ്ടതാണ്, പ്രോജക്റ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് പ്രോജക്ട് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

3.മരുന്നുകൾ പൂർണമായും ലഭ്യമായില്ല (പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ)

പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിയിൽ (SO14/18 ) മരുന്നുകൾ വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ട്രഷറി മുഖേന നേരിട്ട് കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തിരുവനന്തപുരത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതു വരെ മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. തുക ചെലവഴിച്ചതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നമ്പർ, പേര് | ചെലവ് തുക (പ്രഫോർമ ഇൻവോയിസ് പ്രകാരം) | ബിൽ നമ്പർ/തിയ്യതി |
|---|---|---|
| (SO014/18 )പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ | 3,00,000 | 06/2017-18 / തി 17-10-2018<br>₹ 3,00,000 (വികസന ഫണ്ട് -പൊതുവിഭാഗം) |

എന്നാൽ നാളിതു വരെ 4 ഗഡുകളായി 182473 രൂപക്കുള്ള മരുന്നുകൾ മാത്രമേ കാരുണ്യ മെഡിസിൻ ഡിപ്പോയിൽ നിന്ന് ലഭിച്ചിട്ടുള്ളൂ. വിശദവിവരം താഴെ കൊടുക്കുന്നു.

| ഇൻവോയിസ് നമ്പർ / തിയതി | തുക |
|---|---|
| 7275 തിയതി : 04.01.2018 | 82051 |
| 1468 തിയതി : 11.05.2018 | 57969 |
| 10585 തിയതി : 11.05.2018 | 10585 |
| 3957 തിയതി : 29.06.2018 | 31868 |

| | |
|---|---|
| ആകെ | 182473 |

എ) അവശേഷിക്കുന്ന 117527 രൂപക്കുള്ള (300,000-182473) മരുന്നുകൾ കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(09/21.07.2018) പരിരക്ഷാ പ്രോജക്ടുമായി ബന്ധപ്പെട്ട അപാകതകൾ പരിഹരിക്കുമെന്നും മരുന്ന് ലഭ്യമാക്കാൻ തുടർനടപടി സ്വീകരിക്കുമെന്നും രജിസ്റ്ററുകൾ യഥാവിധി സൂക്ഷിക്കാമെന്നും അറിയിച്ചു. സമാപന യോഗത്തിൽ ആരോഗ്യ – വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ മേൽ വിഷയത്തിൽ പ്രത്യേക ശ്രദ്ധ ഉണ്ടാകുമെന്ന് അറിയിച്ചു. തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് പെരുമ്പടപ്പ് | 2017-18 | 499585 | നെൽകൃഷി വികസനം | 499585 | 0 |
| | | 600000 | പെട്ടി പറ | 600000 | 0 |
| | | 289000 | സ്കോളർഷിപ്പ് | 289000 | 0 |
| | | 80000 | പാൽ സബ്സിഡി | 80000 | 0 |
| ജില്ലാ പഞ്ചായത്ത് മലപ്പുറം | | 289000 | സ്കോളർഷിപ്പ് | 197800 | 91200 |

ചെലവു പത്രിക പ്രകാരമുള്ള വിവരമാണ് ചേർത്തിട്ടുള്ളത്. തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | ബിൽ നം. 23/16-01-2018 | 600000 | പ്രവൃത്തി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ലീറ്റ്മെയിൻ | 38/19-3-18 | 446077 | 446077 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഹൗസിംഗ് | ജി.ഒ(ആർടി)5404/ 11/fin 02-07-11 | 58,00,000 | 39,981 | 39,981 | 14152 | 0 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1,2-2,2-3,2-4 | 2016-17 | 2-1 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | തുടർനടപടി സ്വീകരിച്ചു വരുന്നു |
| 2015-16 | 2-5 | 2016-17 | 2-2 | വരുമാവ സ്രോതസ്സുകൾ കണ്ടെത്തൽ- | തുടർനടപടി സ്വീകരിച്ചു വരുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ | സർചാർജ് സർട്ടിഫിക്കറ്റ് | സ്വയം അടവാക്കിയ | റവന്യൂ റിക്കവറി | കോടതി വ്യവഹാരങ്ങളിൽ | ആകെ | അവശേഷിക്കുന്ന | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|

| | | | പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | | | തുക (രസീത് നമ്പർ/ തീയതി) | നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | | | ലഭ്യമായ തുക | തുക/ ബാധ്യത | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2001-02 | 11 | സി.കെ.ജനാർദ്ദനൻ നായർ | LF 2437/ Spl.cell/ SC5/06 19.5.06 | 25000 | | | | | | 25000 | അടവാക്കിയില്ല |
| 2 | 1998-99 | 38,39 | പി.ബി.ജോഷ് കുമാർ | LF 23194/ Spl.cell/ SC5/04 28.7.06/ 13.12.06 | 7500 | | | | | | 7500 | അടവാക്കിയില്ല |
| 3 | 1997-98 | 47 | C.K.Janardhanan Nair Agri officer | LF 23196/ Spl.cell/ SC5/04 17.05.06 | 4500 | | | | | | 4500 | അടവാക്കിയില്ല |
| 4 | 1997-98 | 32 35 36 | P.P Krishnan Secreary | LF 23196/ Spl.cell/ SC5/04 27.10.05 | 22296 | | | | | | 22296 | അടവാക്കിയില്ല |
| 5 | 1997-98 | 50 | പി.ബി.ജോഷ് കുമാർ vet.surgeon | LF 23196/ Spl.cell/ SC5/04 17.05.06 | 9000 | | | | | | 9000 | അടവാക്കിയില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ ) | : | 8,22,50,582 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,09,90,680 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,77,805 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 16,53,710 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 10700 | 5350 എ ഗംഗാധരൻ,ഹെഡ്മാസ്റ്റർ<br>5350 മുഹമ്മദാലി കെ പി AEO |
| 3-2 | | 40,801 | 2040 ശ്രീ. എ.ഗംഗാധരൻ,ഹെഡ്മാസ്റ്റർ<br>2040/-രൂപ വീതം 19 ഭരണ സമിതി അംഗങ്ങൾ |

| | | | |
|---|---|---|---|
| 3-3 | | 6874 | ജിജോ പുലിക്കാട്ടിൽ, അസി.എഞ്ചിനീയർ |
| 3-4 | | 90830 | ഷിദി.എൻ.പി.,അസി.എഞ്ചിനീയർ |
| 3-8 | | 28600 | വിഷ്ണു നാരായണൻ,കൃഷി ഓഫീസർ |
| ആകെ | | 177805 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 3,55,980 | ശ്രീ. എ.ഗംഗാധരൻ,ഹെഡ്മാസ്റ്റർ<br>മുഹമ്മദാലി കെ പി AEO |
| 3-16 | 9,97,730 | പി.ജയരാജൻ, സെക്രട്ടറി |
| 3-19 | 3,00,000 | ഡോ. പ്രിയ, മെഡിക്കൽ ഓഫീസർ- ആയുർവേദം |
| ആകെ | 16,53,710 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1. | വിഷ്ണുനാരായണൻ.പി.എം. | കൃഷി ഓഫീസർ, കൃഷിഭവൻ, മാറഞ്ചേരി | മേലേടത്ത് വീട്, വലിയപറമ്പ് പി.ഒ.,കോട്ടക്കൽ -676503 |
| 2. | എ ഗംഗാധരൻ | റിട്ടയർ ചെയ്തു | എ ഗംഗാധരൻ<br>ആലക്കശ്ശേരി വീട്<br>കടവനാട് പി.ഒ<br>പൊന്നാനി സൗത്ത്<br>ഫോൺ : 9995964849 |
| 3. | മുഹമ്മദാലി കെ പി | ലഭ്യമല്ല | മുഹമ്മദാലി കെ പി<br>ആലിപറമ്പിൽ ഹൗസ്<br>പെരുന്തല്ലൂർ<br>തിരൂർ |
| 4. | ജിജോ പുലിക്കോട്ടിൽ ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമല്ല | പുലിക്കോട്ടിൽ ഹൗസ്,<br>തിരൂർ.പി.ഒ., തൃശ്ശൂർ |
| 5. | ഷിദി.എൻ.പി.,<br>അസിസ്റ്റന്റ് എഞ്ചിനീയർ | എ.ഇ.,<br>മാറഞ്ചേരി | നാലുപുരക്കൽ ഹൗസ്,<br>കണ്ടാണശ്ശേരി, തൃശ്ശൂർ-680102 |

| | | | |
|---|---|---|---|
| | | ഗ്രാമപഞ്ചായത്ത് | |
| 6. | കെ.വി.ഹംസ | | കൊളങ്ങര വീട്ടിൽ, കാഞ്ഞിരമുക്ക് പി.ഒ., മലപ്പുറം |
| 7. | അനീഫ പാലക്കൽ | | പാലക്കൽ വീട്, കാഞ്ഞിരമുക്ക് പി.ഒ., മലപ്പുറം |
| 8. | സാബിറ ഹിളർ | | തറയിൽ വീട്, കാഞ്ഞിരമുക്ക് പി.ഒ., മലപ്പുറം |
| 9. | രതീഷ് കാക്കൊള്ളി | | കാക്കൊള്ളി വീട്,കാഞ്ഞിരമുക്ക് പി.ഒ., മലപ്പുറം |
| 10. | കദീജ കോയ | | പടിക്കപ്പറമ്പിൽ, പനമ്പാട്, പുറങ്ങ്.പി.ഒ., മലപ്പുറം |
| 11. | സംഗീത | | മനയ്ക്കപ്പടിക്കൽ, അധികാരിപ്പടി, മാറഞ്ചേരി പി.ഒ, മലപ്പുറം |
| 12. | ലീന മുഹമ്മദലി | | ഇളയിടത്ത്, പെരുവഴിക്കുളം, മാറഞ്ചേരി പി.ഒ, മലപ്പുറം |
| 13. | ബാലകൃഷ്ണൻ.ഇ | | ഇളംകുളത്ത്, കാഞ്ഞിരമുക്ക് പി.ഒ.,മലപ്പുറം |
| 14. | നൗഷാദ്. എം.പി. | | മണ്ണപറമ്പിൽ, താമലശ്ശേരി, മാറഞ്ചേരി പി.ഒ., മലപ്പുറം |
| 15. | ടി.ശ്രീജിത്ത് | | താമരശ്ശേരി, മാറഞ്ചേരി.പി.ഒ., മലപ്പുറം |
| 16 | അബൂബക്കർ | | തെക്കേക്കരകായിൽ, മാറഞ്ചേരി.പി.ഒ., മലപ്പുറം |
| 17. | സ്മിത | | കൊടത്തൂർ, പരിച്ചകം, മാറഞ്ചേരി പി.ഒ., മലപ്പുറം |
| 18. | ഇ.സിന്ധു. | | എണ്ണാഴിയിൽ, കാഞ്ഞിരമുക്ക്.പി.ഒ., മലപ്പുറം |
| 19. | അറമുഖൻ വള്ളത്തേരി | | വെള്ളത്തേരി,പുറങ്ങ്.പി.ഒ.മലപ്പുറം |
| 20. | മണികണ്ഠൻ പറയരിക്കൽ | | പറയരിക്കൽ വീട്, കാഞ്ഞിരമുക്ക്.പി.ഒ., മലപ്പുറം |
| 21. | ഷൈന | | മഞ്ഞക്കാട്ട്, പുറങ്ങ്.പി.ഒ., മലപ്പുറം |
| 22. | സാബിറ ഷറഫുദ്ദീൻ | | പൂക്കയിൽ, പുറങ്ങ്.പി.ഒ., മലപ്പുറം |
| 23. | വിനീത | | കരിയംപറമ്പിൽ, പുറങ്ങ്.പി.ഒ., മലപ്പുറം |
| 24 | റാഹില നാസർ | | മാനാത്ത് പറമ്പിൽ, കാഞ്ഞിരമുക്ക്.പി.ഒ., മലപ്പുറം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1979-80 | കെ.എസ്.എ.എം.പി.എം 28/588/2018 തി: | 1 | |

| | | | |
|---|---|---|---|
| | 5-05-2018 | | |
| 1987-88<br>1988-89 | കെ.എസ്.എ.എം.പി.എം 28/588/2018 തി: 5-05-2018 | 1 | |
| 1992-93<br>1993-94 | എൽ. എഫ്. എം.8/281/95 തിയ്യതി 01-06-95 | 8 | |
| 1994-95<br>1995-96 | എൽ. എഫ്. എം.14/957/98 തിയ്യതി 04-11-98 | 3 | |
| 1996-97 | എൽ. എഫ്. എം.14/1472/01 തിയ്യതി 26-11-02 | 10 | |
| 1997-98 | എൽ. എഫ്. എം.14/1470/01 തിയ്യതി 28-11-02 | 25 | |
| 1998-99 | എൽ. എഫ്. എം.14/405/02 തിയ്യതി 10-01-03 | 9 | |
| 1999-00 | എൽ. എഫ്. എം.14/682/03 തിയ്യതി 18-11-03 | 8 | |
| 2000-01 | എൽ. എഫ്. എം.14/683/03 തിയ്യതി 30-09-03 | 4 | |
| 2001-02 | എൽ. എഫ്. എം.9/1182/03 തിയ്യതി 23-03-04 | 8 | |
| 2002-03 | എൽ. എഫ്. എം.9/1568/05 തിയ്യതി 07-02-06 | 22 | |
| 2003-04 | എൽ. എഫ്. എം.15/270/09 തിയ്യതി 09-06-09 | 17 | |
| 2004-05 | എൽ. എഫ്. എം.15/271/09 തിയ്യതി09-06-09 | 10 | |
| 2005-06 | എൽ. എഫ്. എം.15/576/10 തിയ്യതി19-08-10 | 5 | |
| 2006-07 | എൽ. എഫ്. എം.15/577/10 തിയ്യതി 04-09-10 | 8 | |
| 2007-08 | എൽ. എഫ്. എം.14/94/12 തിയ്യതി 21-02-12 | 19 | |
| 2008-09 | എൽ. എഫ്. എം.18/572/11 തിയ്യതി 13-06-2011 | 22 | |
| 2009-10 | എൽ. എഫ്. എം.14/2625/11 തിയ്യതി 08-02-2012 | 38 | |
| 2010-11 | എൽ. എഫ്. എം.15/1748/13 തിയ്യതി 07-10-2013 | 22 | |
| 2011-12<br>2012-13 | കെ.എസ്.എ.എം.പി.എം 24/ 29/2016 തിയ്യതി 07.04.2017 | 33 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം 28/2101/2016 തിയ്യതി 20.05.2017 | 24 | |
| 2015-16 | കെ.എസ്.എ.എം.പി.എം28/3023/2016 തിയ്യതി 14.02.18 | 19 | |
| 2016-17 | കെ.എസ്.എ.എം.പി.എം 28/1622/2017 തി: | 19 | |

| | | | | |
|---|---|---|---|---|
| | | 05-07-18 | | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.28/1539/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി:04-07-2018

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
മലപ്പുറം

# AUDIT CERTIFICATE

No.KSA/MPM/28/1539/2018

Kerala State Audit Department
District office ,Malappuram

Phone: 0483 -2734951

Email: dompm.ksad@kerala.gov.in

Date:04-07-2018

Certified that I have audited the Annual Financial Statement of Marancheri Grama panchayath in Malappuram District of the year ended on 31.3.2018 in accordance with section 4 of the Kerala Local Fund Audit Act 1994. Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Marancheri Grama panchayath for the year 2017-18 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department

Malappuram